# മലങ്കരസഭ

## മാസിക



25-3-88-ൽ ദേവലോകം അരമന ചാപ്പലിൽവച്ച നടത്തിയ
വി. മൂറോൻ കൂദാശയുടെ അവസാനത്തിൽ പ. കാതോലിക്കാബാവാ
ബീമായിൽ നിന്നുകൊണ്ട് മൂറോൻ കുപ്പി ആഘോഷിക്കുന്നു.
ബാവായുടെ സെക്രട്ടറി ഫാ. സഖറിയാ പേരങ്ങാട്ടാണ് സമീപം.

1988
ഏപ്രിൽ
ലക്കം 4
പുസ്തകം 43



FOR FAVOURS RECEIVED



THANKACHEN, PONNAMMA
EUGENE & CHARLIE
CHICAGO

# മലങ്കര സഭ

10–4–1988

**EDITORIAL BOARD**

H. H. The Catholicos of the East (President)
H. G. Geevarghese Mar Osthathios Metropolitan (Vice President)
H. G. Paulose Mar Milithios Episcopa
Rev. Dr. V. C. Samuel
Rev. Fr. T. J. Joshua
Rev. Fr. Jacob Kurian
Rev. Fr. Lazarus O. I. C.
Dr. Samuel Chandanappally
Prof: C. J. Mannummood
Mr. Abraham Zacharia
Mr. Mathew Sankarathil
Mr. O. A. Mathew
Very Rev. Dr. N. J. Thomas Ramban (Chief Editor)
Rev. Fr. T. G. Zacharia (Manager)

## ഈ ലക്കത്തിൽ

* ഭക്തിസാന്ദ്രമായ മൂറോൻകൂദാശ
* മലയാളമനോരമയ്ക്കു ഭാവുകാശംസ
* Sponsorship by Malankara Orthodox Syrian Church For Various Courses in Vellore
* പുത്തൻകാവിൽ കൊച്ചുതിരുമേനി
* മലങ്കര നസ്രാണികളും ജാതിത്തലവന്മാരും
* രോഗികളെ സൗഖ്യമാക്കുവിൻ
* പഴയ താളുകൾ
* ആർത്താററ് പടിയോല
* പത്രാധിപർക്കുള്ള കത്ത്
* അടുത്ത പത്തുവർഷം
* വിവാഹ കർമ്മത്തിലെ....
* സഭാവാർത്തകൾ
* ബൈബിൾപഠനം

# ഭക്തിസാന്ദ്രമായ മൂറോൻ കൂദാശ

1988 മാർച്ച് പതിനഞ്ച്, മലങ്കരസഭാചരിത്രത്തിലെ സുപ്രധാനമായ ഒരു നാഴികക്കല്ലായി തീർന്നിരിക്കുന്നു! നവയുഗത്തിലേക്ക് സഭയെ സജ്ജമാക്കുന്നതിനും ആദ്ധ്യാത്മിക ശക്തി സമാർജ്ജിക്കുന്നതിനുമായി ഒരു പതിററാണ്ടിനുശേഷം ഒരിക്കൽ കൂടി മൂറോൻ 'കൂദാശ' ചെയ്യപ്പെട്ടിരിക്കുന്നു. സഭയുടെ 'സുവർണ്ണലിപികളിൽ ആലേഖനം ചെയ്യപ്പെടുവാൻ കഴിയുന്ന അതിവിശിഷ്ടമായ ഈ വി. മൂറോൻ കൂദാശാനുഷ്ഠാന കർമ്മത്തിന് പൗരസ്ത്യ കാതോലിക്കാ സിംഹാസനത്തിലാരൂഢനായിരിക്കുന്ന പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനി പ്രധാന കാർമ്മികത്വം വഹിച്ചു.

വിശുദ്ധവും ഉൽകൃഷ്ടങ്ങളുമായ ദൈവിക രഹസ്യങ്ങളെ സൂചിപ്പിക്കുന്ന ഈ കൂദാശാനുഷ്ഠാനം കാതോലിക്കാ സിംഹാസനാസ്ഥാനത്തുള്ള ദേവലോകം അരമനചാപ്പലിൽ വച്ച് അത്യധികം ഭക്തിസാന്ദ്രമായി ഭക്തസഹസ്രങ്ങളെ സാക്ഷിയാക്കി നിർവഹിച്ചു. ആത്മീയ ജീവിതാനുഭവം പൂർണ്ണമാക്കി മനുഷ്യനെ ദൈവികതേജസ്സിലേക്കാനയിക്കുവാൻ പര്യാപ്തമായ ഈ ദിവ്യകർമ്മത്തിൽ പങ്കാളികളാകുന്നതിനു വേണ്ടി ഭക്തജനങ്ങൾ അതിരാവിലെ തന്നെ എത്തിക്കൊണ്ടിരുന്നു. അരമനചാപ്പലിൽ അവൈദികർക്കു പ്രവേശനം നല്കിയിരുന്നില്ലെങ്കിലും ചാപ്പലിന്റെ പിന്നിലും വശങ്ങളിലും മുന്നിലെ പന്തലിലുമായി ഭക്തജനങ്ങൾക്കു നിന്ന് അകത്തു നടക്കുന്ന ദിവ്യകർമ്മങ്ങൾ കാണുവാൻ തക്കവണ്ണം പന്തലിൽ ക്ലോസ്ഡ് സർക്യൂട്ട് ടി. വി.കൾ സജ്ജീകരിച്ചിരുന്നു. വി. മദ്ബഹായിലും ചാപ്പലിനുള്ളിലും ഓരോ സമയത്തും നടക്കുന്ന ശുശ്രൂഷകളെക്കുറിച്ചുള്ള വിവരങ്ങൾ യഥാസമയം സംക്ഷിപ്തമായി ഫാ. ടി. ജെ. ജോഷ്വ ഭക്തജനങ്ങളെ അറിയിച്ചുകൊണ്ടിരുന്നു. ദൈവീകാഭിഷേകത്തിന്റെ പെരുന്നാൾ സഭയുടെ ആത്മീക ജീവിതത്തിനൊരു 'യുഗപ്പിറവി' കൂടി കുറിക്കുവാൻ പര്യാപ്തമായി!

വി. മാമോദീസാനന്തരം ഒരിക്കൽമാത്രം മുദ്രണം ചെയ്യപ്പെടുന്ന വി. മൂറോൻ പഴയ–പുതിയ നിയമങ്ങളിൽ സമന്വയീകൃതമായിരിക്കുന്ന അഭിഷേക ദർശനങ്ങളുടെ പര്യായം കൂടിയാണ്.

'പുണ്യവാനായ നോഹിനു പ്രാവുവഴിയായി അയച്ചുകൊടുത്ത സൈത്തിലയും, ഗോത്രതലവനും പ്രധാന പിതാക്കന്മാരിൽ

11. **Minimum qualification:**

i) MBBS–Pre-degree with second group and first class pass or equivalent recognised qualification.

ii) Nursing–Pre-degree with second group–Minimum 50% marks for B. Sc. Nursing and 45% marks for Certificate Nursing.

iii) Other Para Medical courses:

Qualification as per Vellore Prospectus and a binding undertaking by an authorised administrative authority in a church hospital to provide a suitable appointment after successful completion of training

12. Application fee for prospects and application forms to Vellore:

MBBS–Rs.35/–by crossed bank demand draft drawn on State Bank of India payable at Bagayam, Vellore in favour of C. M. C. Vellore Association account.

College of Nursing–Rs. 25/–by bank draft payable to Christian Medical College Hospital, Vellore.

Para Medical–Rs. 25/- by bank draft drawn on State Bank of India Vellore Town or Central Bank of India Vellore in favour of Christian Medical College Vellore Association Account.

These are this year's figures and amounts may be altered by Vellore next year.

**Underprivileged candidates:**

10% of seats are reserved by Vellore for candidates whose family have the total income of Rs. 12000/–or below. Of course, in addition to the low income candidates should also be of reasonable merit. Candidates filling in this category will find more information in the Vellore prospectus and are welcome to clear doubts and questions regarding this with the Convener of the Sponsorship Committee.

Dr. K. C. Mammen
Convener
Sponsorship Committee

മദ്ധ്യസ്ഥതയാലുള്ള
ഉപകാരസ്മരണയ്ക്ക്



മിസ്സസ്. സാറാമ്മ ചാക്കോ, ബാംഗ്ളൂർ.



# പുത്തൻകാവിൽ കൊച്ചുതിരുമേനി

## (മലങ്കരസഭയുടെ മതിലുകൾ ബലപ്പെടുത്തിയ മഹാത്മാവ്)

### 37-ാം ഓർമ്മപെരുനാൾ ഏപ്രിൽ 17



1986 ഏപ്രിൽ, മെയ് മലങ്കരസഭാ ലക്കങ്ങളിൽ പുത്തൻകാവിൽ കൊച്ചുതിരുമേനിയെക്കുറിച്ചുള്ള ഈ ലേഖകൻെറ അനുസ്മരണകൾ തിരുമേനിയുടെ പ്രത്യേക ജീവിതശൈലിയുടെയും ദിനചര്യകളുടെയും മററും ഒരു ആകമാന രൂപമായിരുന്നുവെങ്കിൽ ഈ ലേഖനം മലങ്കര സഭയ്ക്ക് ശക്തി പകരുവാൻ അദ്ദേഹം നിർവ്വഹിച്ച കർമ്മപരിപാടികളിലേക്ക് വിരൽ ചൂണ്ടുന്നു.

ലോകത്തിൽ മനുഷ്യവർഗ്ഗത്തിൻെറ ഉത്ഭവകാലം തൊട്ട് കാലാകാലങ്ങളിൽ ആത്മപ്രഭാവമുള്ള വ്യക്തികൾ ജനിച്ച് ലോകത്തിന് പ്രകാശം പകന്ന് അന്തരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ നമ്മുടെ മനോമണ്ഡലത്തിൽ ഉദിച്ചുയർന്നു നില്ക്കേണ്ട ഒരു ദിവ്യപുരുഷനാണ് പുത്തൻകാവിൽ കൊച്ചുതിരുമേനി. കാതോലികവും അപ്പോസ്തോലികവുമായ വിശ്വാസത്തെ സംരക്ഷിക്കുവാൻ ത്യാഗോജ്ജ്വലമായ ജീവിതവും ഭരണവും നിർവ്വഹിച്ച നമ്മുടെ പരിശുദ്ധ പിതാക്കന്മാരുടെ നിരകളിൽ ഒട്ടും പിന്നിലല്ല സൂര്യപുരുഷൻ എന്നുള്ളത് ഇന്ന് വളരെപ്പേർ അറിയുന്നില്ല.

തിരുമേനിയുടെ ഹ്രസ്വമായ ഭരണകാലം മലങ്കര സഭയുടെ ചരിത്രത്തിൽ ഏററവും കോളിളക്കങ്ങൾ നിറഞ്ഞതായിരുന്നു. ആഭ്യന്തരമായ കലഹങ്ങളും കേസുകളും നിമിത്തം സഭാനൗക ആടിയിളകിയ കാലമായിരുന്നു അത്. വടശ്ശേരിക്കരക്കടുത്ത് ബഥനിയിൽ മലങ്കരസഭയുടെ മഹൽ പ്രതീക്ഷയായി വിരാജിച്ച മാർ ഈവാനിയോസിൻെറ സഭാപരിവർത്തനത്തെത്തുടർന്നുണ്ടായ കോളിളക്കവും കോലാഹലവും നമ്മുടെ സഭയുടെ പുരോഗതിയുടെ കൂമ്പടയ്ക്കുമെന്നു സംശയിച്ചു. റോമ്മാലയനംമൂലം ലഭിച്ച ഭൗതിക വിഭവങ്ങൾ കൊതിച്ചും മററ് പ്രലോഭനങ്ങൾക്ക് വിധേയരായും മലങ്കര ഓർത്തഡോക്സ് സഭയിൽ നിന്നു

ഫാ. ഏ. എം. വർഗീസ് ബി.ഏ.,
പന്തളം

കൂട്ടംകൂട്ടമായി വിശ്വാസികൾ വിട്ടുപോയ കാലം. പ്രത്യേകിച്ചും തിരുമേനിയുടെ ഭരണത്തിൻകീഴിൽ ആയിരുന്ന തുമ്പമൺ ഭദ്രാസനം റോമൻ ലയനത്തിൻെറ തിരയടിയിൽ ഇളകി.

മേൽപറഞ്ഞ വിധമുള്ള വിഷമ കാലത്തിനിടയിൽ വിശ്വാസത്തെയും വിശ്വാസികളെയും ഉറപ്പിക്കുവാനായി വടക്ക് കുന്നംകുളം മുതൽ തെക്ക് കന്യാകുമാരിവരെ തിരുമേനി സഞ്ചരിച്ച് സന്ദർശനങ്ങളും സംഭാഷണങ്ങളും വഴിയായി റോമാസഭയിലേക്കുള്ള ഒഴുക്ക് തടയുകയുണ്ടായി. സ്വന്തമായി വാഹനമില്ലാതിരുന്നതിനാൽ കാറുള്ളവരുടെ കൂറുമൂലം ലഭിക്കുന്ന ലിഫ്ററും ബസുകളുടെ ലഭ്യതയും മുതലെടുത്ത് മുക്കാൽ പങ്ക് സമയവും തിരുമേനി കഷ്ടപ്പെട്ട് ഓടിയതു് ഈ സഭയുടെ ശ്രേയസ്സിനും നിലനില്പിനും വേണ്ടി മാത്രമായിരുന്നു.

മാർ ഈവാനിയോസ് ബഥനി മലയുടെ മണ്ട വിട്ട് തിരുവനന്തപുരത്തെ പട്ടം കൊട്ടാരത്തിൽ

(ബിഷപ്പ് ഹൗസിൽ) രാജയോഗ്യമായി ജീവിക്കുന്ന കാലയളവിൽ പുത്തൻകാവിൽ കൊച്ചുതിരുമേനി പാത്തിരുന്നതു് ഓലമടലുകൾ കൊണ്ടുമറച്ച കുടിലുകളിൽ ആയിരുന്നു. മാക്കാംകുന്നിലും അടൂരിനടുത്ത് പറന്തലിലും പിന്നെ ചെങ്ങന്നൂർ ചന്തയുടെ തെക്കുവശത്തായി അന്നത്തെ പൊതേൽ കുളക്കരയിലും (ഇന്നത്തെ ബഥേൽ അരമന) കുടിലുകൾ കെട്ടിത്താമസിച്ചു് സഭയുടെ നാമത്തിൽ സ്ഥാപനങ്ങൾ ഉണ്ടാക്കിയതിന്റെ പിൻപിലുള്ള സഭാസ്നേഹം വിശേഷാൽ സ്മരണകൾ അർഹിക്കുന്നവയല്ലേ.

ഒരുപക്ഷെ മാർ ഈവാനിയോസിനെ തുടന്നു് റോമൻ ആകർഷണവലയത്തിൽ പെട്ടു് പോയിരുന്നുവെങ്കിൽ കൊച്ചുതിരുമേനി കുറേക്കാലത്തേക്കെങ്കിലും വലിയ തിരുമേനിയായി അവരാൽ പുകഴ്ത്തപ്പെട്ടുമായിരുന്നു. താമസത്തിനോ, ഭക്ഷണത്തിനോ, സഞ്ചാരത്തിനോ യാതൊരു ബുദ്ധിമുട്ടും കൂടാതെ തനിക്കു് കഴിയാമായിരുന്നു. വാളക്കുഴി മാർ സേവേറിയോസ് മെത്രാച്ചനും സഭാപരിവർത്തനത്താൽ സമ്പന്നനായപ്പോൾ പുത്തൻകാവിൽ കൊച്ചുതിരുമേനി പ്രലോഭനങ്ങൾക്കു് വശംവദനാകാതെ ചെറുത്തുനിന്നു. അദ്ദേഹത്തിന്റെ സഭാസ്നേഹം ഈ സഭയെ പണിയുന്ന ആയുധമായിരുന്നില്ലേ. ''ആബൂൻ ഇങ്ങുപോരു് എന്നു് സ്നേഹമായും ഇങ്ങോട്ടു് എന്താ വരാത്തതു് എന്നു് ചിലപ്പോൾ പരുഷമായും ഒക്കെ ഈവാനിയോസ് വചിച്ചതെല്ലാം വനരോദനമായിത്തീർന്നതു് തിരുമേനിയുടെ സഭാസ്നേഹം ഒന്നുകൊണ്ടു മാത്രമായിരുന്നു.

റോമൻ കത്തോലിക്കാ സഭയിൽ നിന്നും പ്രവഹിച്ച പ്രലോഭന പ്രളയ സമയത്തു തന്നെ പ്രോട്ടസ്റ്റന്റു് സഭകൾ ഇളക്കിവിട്ട ഉണർവിന്റെ തിരകളെയും തിരുമേനി നേരിടേണ്ടതായി വന്നു. ഉണർവും സാക്ഷിപറച്ചിലും പെണ്ണമ്മ ഏലിയാമ്മ സന്യാസിമാരും നമ്മുടെ ആളുകളിൽ പലരെയും പലയിടത്തായി എത്തിച്ചു. ഈ പ്രതിസന്ധിയിൽ ഉണർവിനു് ഇവിടെയും ഒരു പഞ്ഞവുമില്ലെന്ന മട്ടിൽ ഓർത്തഡോക്സ് ഇടവകകളിൽ കൺവൻഷൻ പ്രസംഗങ്ങൾക്കു് തിരുമേനി നേതൃത്വം നൽകി. യോഗാരംഭത്തിലും ഇടയ്ക്കും ചലനാത്മകമായ ഗീതങ്ങൾ തിരുമേനി തന്നെ പാടിക്കൊടുക്കും. ''പ്രധാന ദൂതൻ കുഴലൂതിടുമ്പോൾ, വിധിക്കു സിംഹാസനവുമിടുമ്പോൾ'' എന്നും ''ഗോഗുൽത്തായിലെ കുഞ്ഞാടേ, അത്ഭുതമുള്ളോർ കുഞ്ഞാടേ'' എന്നും ഒക്കെയുള്ള കൺവൻഷൻ ഗീതങ്ങൾ ഇന്നും എവിടെയോ മുഖരിതമാണ്. തിരുമേനി പാടുന്നതു കേട്ടാൽ കൈപ്പത്തികൾ കൂട്ടിയടിച്ചു പോകും. ചുരുക്കിപറഞ്ഞാൽ തിരുമേനി തരപ്പെടുത്തിയ കൺവൻഷൻ സമ്പ്രദായം ഉണർവിന്റെ പേരിലുള്ള ഒഴുക്കിനെയും തടഞ്ഞു. അങ്ങനെ ആ വിധത്തിലും ഈ പൗരാണിക സഭയെ അദ്ദേഹം പരിരക്ഷിച്ചു.


**CENTURY AGENCY**
**AMBASSADOR CORPORATION**

**753 FRANKLIN AVENUE,**
**FRANKLIN SQUIRE, NEW YORK-11010.**
Phone: 516–872–2100

We are original builders of Parish Real Estate
Contact us for fast and profitable
Real Estate Transaction in the U.S.A.
Mortgage Money Available in any amount to all qualified buyers.

E. I. Abraham Omallur, M.B.A; G.R.I.




ഇതൊക്കെയാണെങ്കിലും ഒരു ഉണർവ്വ് സഭയിൽ ആകമാനം ഉണ്ടാകേണ്ടതു് ആവശ്യമെന്നു് ബോദ്ധ്യപ്പെട്ട കൊച്ചുതിരുമേനി മെത്രാസനതലങ്ങളിൽ മിഷൻ പ്രവർത്തനങ്ങൾക്കു് നേതൃത്വം കൊടുത്തു. കുന്നംകുളം മഹായിടവകയിലും തുമ്പമൺമെത്രാസനത്തിലും മിഷൻ ബോർഡുകൾ രൂപീകൃതമായി. സഭാസ്നേഹികളും അഭ്യസ്തവിദ്യരുമായ സുവിശേഷകരെ കണ്ടുപിടിച്ചു് ഓരോ ഇടവകകളിലും എത്തിക്കുവാനും ഭവനസന്ദർശനവും പ്രസംഗയോഗങ്ങളും മററും നടത്തി ആളുകളെ പ്രബുദ്ധരാക്കുവാനും മെത്രാസന മിഷൻ ബോർഡുകളുടെ പ്രവർത്തനം വളരെയധികം സഹായിച്ചിട്ടുണ്ടു്.

റോമൻ ഒഴുക്കും പ്രൊട്ടസ്റ്റന്റു് ഉണർവ്വും കൂടാതെ മറെറാരു മുള്ളും സഭാഗാത്രത്തെ മുറിപ്പെടുത്തിക്കൊണ്ടിരുന്ന ഘട്ടമായിരുന്നു തിരുമേനിയുടേതു്. ഉൾഭരണ സ്വാതന്ത്ര്യത്തിനും പൗരോഹിത്യ പിൻതുടർച്ചയുടെ ഭാവി നിലനിൽപ്പ് സുസ്ഥിരമാക്കുവാനുമുള്ള പടപൊരുതൽ. ഈ പടപൊരുതലിൽ കാതോലിക്കാസിംഹാസനത്തിന്റെ കനത്ത വക്താവായി വിരാജിച്ച തിരുമേനി എതിരാളികൾക്കുപോലും മതിപ്പുളവാക്കുന്ന മാററു കലർന്ന ചരിത്രവസ്തുതകൾ വിളിച്ചറിയിച്ചുകൊണ്ടുള്ള വിളംബരവുമായി ഓടിനടന്നു. 'കാതോലിക്കാ സിംഹാസനം നിഖ്യാ സുന്നഹദോസിനു് എത്രയോ വർഷങ്ങൾക്കു മുൻപേ സ്ഥാപിതമായതാണ് എന്നുള്ള ചരിത്രവസ്തുത' ചതുരമായും മധുരമായും മനസ്സു നിറയുംവിധം വിളമ്പിത്തരുന്ന തിരുമേനിയെ മലങ്കരസഭ എത്രകണ്ടു് മാനിച്ചാലും മതിയാകുകയില്ല. അന്നത്തെ പീസ് ലീഗുകാർ വളരെ പ്രതീക്ഷ തിരുമേനിയിൽ അർപ്പിച്ചിരുന്ന നിർണ്ണായ ഘട്ടത്തിലാണ് ആ വിലയേറിയ ജീവൻ വിളിക്കപ്പെട്ടതു്. അവസാനത്തെ പ്രസംഗവും കാതോലിക്കാസിംഹാസനത്തെപ്പററിയായിരുന്നു. അതേപ്പററി ഇവിടെ വിസ്തരിക്കുന്നില്ല. 1986–ലെ അനുസ്മരണകളിൽ അതേപ്പററി പ്രതിപാദിച്ചിട്ടുണ്ടു്.

തിരുമേനിയുടെ നാവിൻ തുമ്പിൽ സഭയ്ക്കു കൊടുത്തിരുന്ന സ്ഥാനം അദ്വിതീയമായിരുന്നു. സാധാരണ സംസാരത്തിൽ മാത്രമല്ല പ്രാർത്ഥനയിലും അതു് പ്രകടമായിരുന്നു. 'എന്റെ സഭ, എന്റെ സഭ' എന്നു് നെഞ്ചത്തടിച്ചുകൊണ്ടു് രാത്രിയാമങ്ങളിൽ തിരുമേനി പ്രാർത്ഥിച്ചിട്ടുള്ളതു് ഈ ലേഖകൻ കേട്ടു് അത്ഭുതപ്പെട്ടിട്ടുണ്ടു്. എന്റെ ദൈവം എന്റെ സഭ ഇതു രണ്ടുമായിരിക്കണം ഓരോ സഭാസേവകന്റെയും ലക്ഷ്യമെന്നു് തിരുമേനി പറയുക പതിവായിരുന്നു. സഭാസേവനത്തിനു് വിളിക്കപ്പെടുന്ന ചെറുപ്പക്കാരോടു് ചോദിക്കുന്ന ആദ്യത്തെ ചോദ്യം 'നിന്റെ ജീവിതത്തിൽ നീ ഏററവും സ്നേഹിക്കുന്ന രണ്ടു കാര്യങ്ങൾ എന്തൊക്കെയാണ്'' എന്നായിരുന്നു. ചെറുപ്പക്കാരൻ പതറിയും പകച്ചും നില്ക്കുമ്പോൾതന്നെ പതുക്കെ ഉത്തരവും പറയും. 'എടാ! നെഞ്ചത്തു് കൈവച്ചുകൊണ്ടു് 'എന്റെ ദൈവം എന്റെ സഭ എന്നു്''.

കർമ്മയോഗിയായിരുന്ന കൊച്ചുതിരുമേനിയിൽക്കൂടി സഭയ്ക്കു ലഭിച്ച വൻപിച്ച സ്വത്തുക്കളിൽ പ്രഥമസ്ഥാനം അർഹിക്കുന്നതു് പത്തനംതിട്ട കാതോലിക്കേററു് കോളേജ് ആണ്. അതിനുവേണ്ടി അദ്ദേഹം രാപ്പകൽ ചിന്തിച്ചു് തളർന്ന രംഗങ്ങൾ കണ്ടിട്ടുണ്ടു്. സംഗതികൾ സംബന്ധിച്ചുള്ള എഴുത്തുകുത്തുകൾ സക്കാരുമായി നടത്തി നടത്തി ക്ഷീണിക്കുമ്പോഴും 'തമ്പിരാൻ എന്നെ ഉപേക്ഷിക്കുകയില്ല' എന്നു് പറയുമായിരുന്നു. തമ്പിരാൻ ഉപേക്ഷിച്ചില്ല. 1951 ഏപ്രിൽ 5–ാം തീയതി വന്ന യൂണിവേഴ്സിററിയുടെ കത്തു് അവസാനമായി ഒരു പ്രധാന വ്യവസ്ഥയോടെ എല്ലാം അംഗീകരിച്ചു. പക്ഷെ 5 ലക്ഷം രൂപാ കെട്ടിവയ്ക്കണമെന്നുള്ള പ്രധാന വ്യവ


MAR BASELIOS
CHILDREN'S HOME
Mannapra (P. O.)

Palghat District, Kerala State

കാലംചെയ്ത പ. ബസ്സേലിയോസ് ഗീവർഗീസ് രണ്ടാമൻ ബാവാ തിരുമനസ്സിലെ നാമധേയത്തിൽ 1959–ൽ സ്ഥാപിതമായതും ജാതിമതഭേദമെന്യേ അനാഥരായ ആൺകുട്ടികളെയും പെൺകുട്ടികളെയും രണ്ടു പ്രത്യേക ഭവനങ്ങളിൽ പാർപ്പിച്ചും, അവശ്യം വേണ്ട വിദ്യാഭ്യാസം കൊടുത്തും സംരക്ഷിച്ചുവരുന്നതുമായ ഓർത്തഡോക്സ് സഭയിലെ ഈ സ്ഥാപനത്തെ സംഭാവനയാലും പ്രാർത്ഥനകൾ മൂലവും സഹായിക്കണമെന്നപേക്ഷിക്കുന്നു.

C. T. George
Managing Director.

സ്ഥയെപ്പററി പ്രയാസപ്പെട്ടും യൂണിവേഴ്സിററിക്ക് മറുപടി കൊടുക്കുവാൻ ചിന്തിച്ച് വിഷമിക്കുമ്പോഴും പറയും 'നസ്രായൻ നോക്കിക്കൊള്ളും'.

നസ്സറായൻ നോക്കിക്കനിഞ്ഞു. പിന്നെ അധികം താമസിച്ചില്ല. 1951 ഏപ്രിൽ 17–ന് ആ ദീപം പൊലിഞ്ഞു. നസ്സറായൻ നോക്കിയതുകൊണ്ടും തിരുമേനിയുടെ അഭിലാഷം പൂർത്തിയാക്കുവാൻ സഭാസ്നേഹികൾ മുന്നിട്ടിറങ്ങിയതുകൊണ്ടും സമാർ ഒന്നര വർഷം കഴിഞ്ഞപ്പോൾ മാക്കാംകുന്നിൽ ആ വിളക്കു കൊളുത്തി. കാതോലിക്കേററ് കോളേജ് സ്ഥാപിതമായി. ഇന്ന് ഏതുകൊണ്ടും സഭയ്ക്ക് അഭിമാനിക്കാവുന്ന ആ സ്ഥാപനവും തിരുമേനിയുടെ സഭാസ്നേഹവും തമ്മിൽ ബന്ധപ്പെടുത്തി ചിന്തിക്കുന്നതുകൊള്ളാം. സഭയുടെ നാനാവിധ പുരോഗതി മുൻനിറുത്തി എത്രയെത്ര ഹൈസ്കൂളുകളും പ്രൈമറി സ്കൂളുകളും തിരുമേനി സ്ഥാപിച്ചുവെന്നും കൂടി ഓർക്കുക.

സഭയുടെ പുരോഗമനത്തെ പുരസ്കരിച്ച് സംസാരിക്കുമ്പോഴെല്ലാം വൈദികരുടെ സ്ഥാനത്തെപ്പററി തിരുമേനി തികച്ചും ബോധവാനായിരുന്നു. കാലോചിതമായ വിദ്യാഭ്യാസം വൈദികൻ കൈവരിച്ചിരിക്കണമെന്നുള്ള നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. വൈദികരുടെ സേവനവും വേതനവും ഒക്കെ പഠനവിഷയമാക്കുകയും ഇന്നത്തെ ശമ്പളപദ്ധതിക്ക് തുടക്കം കുറിക്കുകയും ചെയ്തു. ഏതു സ്ഥലത്ത് ചെല്ലുമ്പോഴും വിദ്യാഭ്യാസമുള്ളവരും സഭാസേവനത്തിനുള്ള മററു യോഗ്യതകൾ ഉള്ളവരും ആയ ചെറുപ്പക്കാരുണ്ടോയെന്ന് അന്വേഷിച്ച് അവരെ സഭയ്ക്കുവേണ്ടി വിട്ടുകൊടുക്കുവാൻ മാതാപിതാക്കന്മാരോട് അഭ്യർത്ഥിക്കുമായിരുന്നു.

പുത്തൻകാവിൽ കൊച്ചുതിരുമേനിയുടെ അകാല വിയോഗം എങ്ങനെയൊക്കെ നാം വിലയിരുത്തിയാലും 'തന്റെ ഭക്തന്മാരുടെ മരണം യഹോവയ്ക്ക് വിലയേറിയതാകുന്നു' എന്നുള്ള സങ്കീർത്തന വാക്യത്തിൽ നമുക്ക് സമാധാനം കണ്ടെത്താം (സങ്കീ. 116; 15). വലിയ ബാവായെന്ന് പരക്കെ അറിയപ്പെടുന്ന കാലം ചെയ്ത ബസേലിയോസ് ഗീവറുഗീസ് ദ്വിതീയൻ തിരുമേനി സഭയെ സ്നേഹിച്ച ഈ പുത്രനെ വളരെയധികം സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തിരുന്നു.

## മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ലിസ്സി ഈപ്പൻ, കോഴിക്കോട്. മോളി എബ്രഹാം.



ഓമന മാത്യു, പറന്തൽ. ജയമോൾ, പാററ്നാ.



# അഹത്തള്ളാ

## മലങ്കരസഭയുടെ പറങ്കി അടിമത്തമോചനത്തിന്റെ ബലിയാട്

### റോമൻ ചരിത്രകാരന്മാരുടെ സാക്ഷ്യം (തുടർച്ച)

**ഫാ. പ്ലാസിഡ്. സി. എം. ഐ.**

ഇദ്ദേഹത്തിന്റെ സെ. തോമസ് ക്രിസ്ത്യൻസ് P. 151–ൽ നിന്ന് ''....അർക്കദിയാക്കോന് (തോമ്മാ) നെസ്തോറിയൻ, കോപ്ററിക് മുതലായ പാത്രിയർക്കീസന്മാരുമായി രഹസ്യ എഴുത്തുകുത്തുകൾ ഉണ്ടായിരുന്നു എന്ന് പറയപ്പെടുന്നു. എന്നാൽ അക്കദിയാക്കോൻ കൽദായ റീത്ത് കത്തോലിക്കാ പാത്രിയർക്കീസുമായി മാത്രമേ രഹസ്യ കത്തിടപാടുകൾ നടത്തിയിരുന്നുള്ള എന്നാണ് മററു ചിലരുടെ ചരിത്രങ്ങളിൽ പറയുന്നത്'' എന്നുള്ള ഭാഗം ഉദ്ധരിച്ചിട്ടുള്ളതാണ്. ഫാ. പ്ലാസിഡിന്റെ വിവരണം അഹത്തള്ളായുടെ കാര്യത്തിൽ റോമാ പാപ്പാ അയച്ചു എന്ന് അഹത്തള്ളാ നസ്രാണികളോടു പറയുന്നതായാണ്. അദ്ദേഹം സ്വന്തമായി ഒരു നില സ്വീകരിച്ചുകൊണ്ടല്ല. ''അക്കാലത്ത് മൈലാപ്പൂരിലെ വി. തോമ്മാ ശ്ലീഹായുടെ തിരുക്കബറിനെ വണങ്ങുന്നതിനായി ചെന്നിരുന്ന തിരുയാത്രികരിൽ ചെങ്ങന്നൂർ ഇടവക ചെങ്കയിൽ ഇട്ടി ശെമ്മാശ്ശും, കുറവിലങ്ങാട്ടു പള്ളി ഇടവക കിഴമെടത്തു കര്യൻ ശമ്മാശ്ശും അദ്ദേഹത്തെ കാണുകയും (അഹത്തള്ളായെ) തദവസരത്തിൽ അദ്ദേഹം സുറിയാനിക്കാർക്കായി ഒരെഴുത്തു അവരുടെ പക്കൽ ഏല്പിക്കുകയും ചെയ്തു. സുറിയാനി ഭാഷയിൽ എഴുതപ്പെട്ട പ്രസ്തുത കത്തിന്റെ പദാനുസൃത തർജ്ജമ താഴെ കാണുംപ്രകാരമാണ്. ''ഇന്ത്യ ഒക്കെയുടെയും ചീനത്തിന്റെയും പാത്രിയർക്കീസും ഇഗ്നാത്തിയോസുമായ ഞാൻ, നിങ്ങളുടെ ദിക്കിൽ നിന്ന് ഇവിടെ വന്നിട്ടുള്ള ശെമ്മാശന്മാർവശം ഒരെഴുത്ത് അയയ്ക്കുന്നു. നിങ്ങൾ ഈ എഴുത്ത് വായിക്കുമ്പോൾ, രണ്ടു വൈദികന്മാരെയും, നാൽപതു ആളുകളെയും എന്റെ പക്കൽ അയയ്ക്കണം. എന്റെ വരവിനു തടസ്സം നേരിടാതിരിക്കുവാൻ തക്കവണ്ണം കഴിയുന്ന വേഗത്തിലും വേണ്ടുന്ന ജാഗ്രതയോടും കൂടി നിങ്ങൾ അവരെ അയയ്ക്കണം. എന്റെ മക്കളെ വരുവിൻ, എന്റെ വാക്കുകളെ ശ്രവിപ്പീൻ. നമ്മുടെ നാഥനായ മാർ പാപ്പായിൽ നിന്ന് സമസ്താധികാരങ്ങളും എനിക്കു നൽകപ്പെട്ടിരിക്കുന്നു എന്നു നിങ്ങൾ അറിഞ്ഞുകൊൾവിൻ ഇഗ്നാത്തിയോസിനു സമസ്താധികാരവുമുണ്ട് നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങളുടെ ആവശ്യത്തിന് ഉതകുന്നതായ വളരെ നിക്ഷേപങ്ങളും മററനേകം ദ്രവ്യങ്ങളും ഞാൻ കൊണ്ടുവന്നിരിക്കുന്നു. അതിനാൽ ഞാൻ അവിടെ വന്നു ചേരുന്നതിനു കഴിവതെല്ലാം നിങ്ങൾ ചെയ്വിൻ. മൈലാപ്പൂർ എന്ന ഈ പട്ടണത്തിൽ ദൈവമാതാവായ മറിയത്തിന്റെ നാമത്തിൽ ഞാൻ എത്തിയിരിക്കുന്നു ഇന്ത്യയിൽ നിങ്ങളുടെ നാട്ടിലേക്ക് എന്നെ കൊണ്ടുപോകുവാൻ കഴിയുന്ന അനവധി പുരോഹിതന്മാരും ശെമ്മാശ്ശന്മാരും ഇവിടെ വന്നുചേരുന്നതായി ഞാൻ അറിഞ്ഞതിനാൽ ആണ്ണു വൈദികന്മാരും ശെമ്മാശ്ശന്മാരും ജനപ്രധാനന്മാരുമായ നിങ്ങൾ എല്ലാവരും അറിഞ്ഞുകൊൾവിൻ. ഞാൻ 1652 ഓഗസ്ററ് 2–ാം തീയതി മൈലാപ്പൂരിൽ ഈശോ സഭക്കാരുടെ ഭവനത്തിൽ എത്തി. അതിൽ ഞാൻ താമസിച്ചു വരുന്നു. അവർ എന്നോടു കരുണാപൂർവ്വം പ്രവർത്തിക്കുന്നു. ഭൂമിയിലും സ്വർഗ്ഗത്തിലും അവരുടെ സമ്മാനം വർദ്ധിക്കുമാറാകട്ടെ. അവർക്കും നിങ്ങൾക്കും നമുക്കും എന്നേരവും സമാധാനം

പുത്തൻകാവിൽ കൊച്ചുതിരുമേനിയാകുന്ന വാത്സല്യപുത്രന്റെ മൃതദേഹം പഴയസെമിനാരിയിൽ നിന്ന് കബറടക്കത്തിനായി പുത്തൻകാവിലേക്ക് കൊണ്ടുപോകുന്നതിന് ആരംഭിക്കുമ്പോൾ ഗീവറുഗീസ് ദ്വിതീയൻ ബാവാ തിരുമേനി മൃതദേഹം വഹിച്ചിരുന്ന വാഹനത്തിലേക്ക് ബദ്ധപ്പെട്ടു കയറി മൃതശരീരത്തെ കെട്ടിപ്പിടിച്ച് കണ്ണുനീർ ധാരധാരയായി ഒഴുക്കിക്കൊണ്ട് അന്ത്യചുംബനം നടത്തിയ രംഗത്തെപ്പററി കേട്ടിട്ടുണ്ട്.

'സഭയുടെ ഭിത്തിയെ ബലവത്താക്കുക
ശിലമേൽ നിർത്തി
നായകരായോരിടയന്മാരെ കാക്കുകസ്സുകൃത്യാ'

എന്നുള്ള പ്രാർത്ഥന ഈ സന്ദർഭത്തിൽ ഓർത്തുപോകുന്നു. മലങ്കരസഭയുടെ മതിലുകൾ ബലപ്പെടുത്തിയ മഹാത്മാക്കളുടെ ഗണത്തിൽ പുത്തൻകാവിൽ കൊച്ചു തിരുമേനി നിത്യം പ്രകാശിച്ചുകൊണ്ടിരിക്കും. അദ്ദേഹത്തിന്റെ മദ്ധ്യസ്ഥത നമുക്ക് കോട്ടയാകട്ടെ.

—ം—

ഴ്സിററി മാനസ്ക്രിപ്ററ് ലൈബ്രറിയിലെ ഒരു പണ്ഡിതനെ കാണിക്കുകയും അദ്ദേഹം വിവർത്തനം എഴുതി തരികയും ചെയ്തു. പടിയോല ഇപ്പോൾ തിരുവനന്തപുരം മാനസ്ക്രിപ്ററ് ലൈബ്രറിയിൽ സൂക്ഷിച്ചു വരുന്നു. ഇത്രയുമാണ് ഞാൻ അന്വേഷിച്ചതിൽ നിന്നും കിട്ടിയ വിവരങ്ങൾ. മേൽപ്പറഞ്ഞവരിൽ ശ്രീ. സി. വി. ഇയ്യു ദിവംഗതനായി. ശ്രീ. ററി. കെ. ചാക്കുണ്ണി Retd: IAS ന് എഴുതി ചോദിച്ചതിൽ പടിയോല പാലിയം റിക്കാർട്ടുകളിൽ നിന്നും കണ്ടുപിടിച്ച ഗോവിന്ദവാരിയരോട് ചോദിച്ചാൽ കൂടുതൽ വിവരങ്ങൾ അറിയാമെന്നും വാരിയരുടെ മേൽവിലാസം അറിയില്ലെന്നും മറുപടി തന്നു ഗോവിന്ദവാരിയരെ അന്വേഷിച്ചു വരുന്നുണ്ട്. അദ്ദേഹം ഇപ്പോൾ ജീവിച്ചിരിപ്പുണ്ടോ, എന്തോ?

കുന്നംകുളം മെയിൻ റോഡിൽ നിർമ്മിച്ച മാർ ഗ്രീഗോറിയോസ് പള്ളിയുടെ കൂദാശ 1986 ഡിസംബർ 30–ാം തീയതി നിർവഹിച്ചതിനോടനുബന്ധിച്ച് ഒരു സോവനീർ പ്രസിദ്ധീകരിക്കുകയും പ്രസ്തുത സോവനീറിൽ ശ്രീ. സി. വി. ഇയ്യുവിന്റെ പ്രേരണയാൽ ശ്രീ. പി. വി. ഇട്ട്യേച്ചൻ എന്ന ദേഹം ആർത്താററ് പടിയോലയെക്കുറിച്ച് ഒരു ചെറിയ ലേഖനം എഴുതി പ്രസിദ്ധീകരിക്കുക ഉണ്ടായി. എന്റെ അറിവിൽ പെട്ടിടത്തോളം ആർത്താററ് പടിയോലയെപ്പററി ചരിത്രാന്വേഷികൾ അറിയുന്നത് ഇവിടം മുതലാണ്. 1976–ൽ പ്രസിദ്ധീകരിച്ച ആർത്താററ് കുന്നംകുളം മഹാഇടവക സോവനീറിൽ പടിയോലയെക്കുറിച്ച് 1968–ൽ പ്രസിദ്ധീകരിച്ച The Orthodox Church of India എന്ന പുസ്തകത്തിന്റെ രണ്ടാം പതിപ്പിൽ പേജ് 136-ൽ ആർത്താററ് പടിയോലയെപ്പററി പരാമർശിക്കുന്നുണ്ട്. അദ്ദേഹം ശ്രീ. പി. വി. മാത്യുവിന്റെ പുസ്തകത്തിൽ നിന്നും എടുത്തു ചേർത്തതാണെന്ന് വിവരം കൊടുത്തിട്ടുണ്ട്.

### വായനക്കാരോട് ഒരു അപേക്ഷ

ആർത്താററ് പടിയോലയെപ്പററി സമഗ്രഹമായ പഠനം നടത്തി ഒരു പുസ്തകം എഴുതാനുള്ള ശ്രമത്തിലാണ് ഞാൻ. കൂടുതൽ വിവരങ്ങൾ ലഭിപ്പാനായി ഇക്കഴിഞ്ഞ ഫെബ്രുവരി 16–ാം തീയതിയിലെ മലയാള മനോരമ പത്രത്തിൽ ആർത്താററ് പടിയോല എന്ന തലക്കെട്ടിൽ ഒരു ചെറിയ കുറിപ്പ് പ്രസിദ്ധപ്പെടുത്തിയിരുന്നു. ചിലരെല്ലാം വിവരങ്ങൾ അയച്ചുതന്നിട്ടുണ്ട്. എനിക്ക് പ്രധാനമായി അറിയേണ്ടത് ആർത്താററ് പടിയോലയെക്കുറിച്ച് 1968-ൽ കുന്നംകുളത്തുനിന്നും പ്രസിദ്ധീകരിച്ച സെ. ഗ്രീഗോറിയോസ് സോവനീറിൽ ലേഖനം വരുന്നതിന് മുൻപ് എന്തെങ്കിലും പരാമർശനം എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ എന്നാണ്. പഴയ ഇടവകപത്രികയിലോ, മനോരമ തുടങ്ങിയ ദിനപത്രങ്ങളുടെ പഴയ ലക്കങ്ങളിലോ, വല്ല പഴയ മാസികകളിലോ, മററു പള്ളിരേഖ, കല്ലിലോ ആർത്താററ് പടിയോലയെപ്പററി പറഞ്ഞിട്ടുണ്ടോ എന്നാണ് അറിയേണ്ടതും. ബഹുമാനപ്പെട്ട വായനക്കാരിൽ ആർക്കെങ്കിലും വിവരം അറിവുണ്ടെങ്കിൽ ദയവായി താഴെ കൊടുക്കുന്ന എന്റെ മേൽവിലാസത്തിൽ അറിയിച്ചാൽ വലിയ ഉപകാരമായിരിക്കും.

(പടിയോല അടുത്ത പേജിൽ)

P. C. Mathew, Advocate, Main Road
Kunnamkulam-680503.

### മദ്ധ്യസ്ഥതയാലുള്ള ഉപകാരസ്മരണയ്ക്ക്



ഒരു വിശ്വാസി, തിരുവല്ലാ. പി. എം. വർഗീസ്, റാന്നി. ലിസ്സ് ഈപ്പൻ കൽക്കട്ടാ.



## ആർത്താററ് പടിയോല

കൊല്ലം 981 ആമത് മകരം ഞായററിൽ പുത്തൻകൂറ് തുറിയാനിക്കാരായ ആർത്താററ് എടവകക്കാര് എല്ലാവരും കൂടി നമ്മുടെ ദീവന്നാത്തിയോത് വാവാ തിരുമുമ്പിൽ എഴുതിവെച്ച പടിയോലയാവിത്:— നമ്മുടെ ജനങ്ങളിൽ ചിലര് പരദേശക്കാരുടെ എടത്തുട ഉപദേശം കേക്കയ്യാൽ റോമ്മാ പിച്ചാതത്തിലെക്ക് തിരിഞ്ഞുപോയി വഴക്ക് പിടിച്ച് പള്ളിയും പററി അറിവു കത്തനാർക്കട്ട എടുപ്പാൻ ഇടവന്നു— ആ വന്നു കൊണ്ടു വളരെ വാകുലത്തിനു എടവന്നതിനാൽ മേലാൽ അങ്ങിനെ ഇടവരാതിരിപ്പാൻ വെണ്ടി റോമായിൽ നിന്നോ, വാവെലിൽ നിന്നൊ അതിയോക്കായിൽ നിന്നൊ മററു വല്ല പരദേശത്തു നിന്നൊ വരുന്ന യാതൊരു മെത്രാന്മാരുടെയും ഉപദേശവും നടപ്പുകളും ഒരു നാളാവിട്ടു വഴങ്ങി നടക്കാതെ നമ്മുടെ മാർത്തോമാ ചിലികായുടെ പുറുവിക വിച്ചാതവും ചട്ടങ്ങളും അനുതരിച്ച് നടന്നു കൊള്ളുമാറ് സമ്മതിച്ച് തമ്പുരാനെ പെററമ്മയുടെ ആർത്താററ് പള്ളി നടയിൽ വെച്ച് എഴുതിയ മൈക്ക വികാരി തെക്കെക്കര കുരിയാതു കത്തനാർ (ഒപ്പ്)

| | |
|---|---|
| 1. ചെറുവത്തൂർ കുത്താത്തു | 2. പനയ്ക്കൽ താരു |
| 3. കുത്തൂര് ചുമ്മാര് | 4. കോലാടി ഉട്ടൂപ്പ് |
| 5. കാക്കച്ചേരി മാത്തു | 6. ചുങ്കത്തു ഇയ്യാവു |
| 7. തോലത്തുപാത്തു | 8. ചീരൻപാത്തു |
| 9. പുലിക്കോട്ടിൽ താരു | 10. കിടങ്ങൻ ചേറുണ്ണി |
| 11. മങ്ങുമ്പാൽ കുഞ്ഞാത്തു | 12. തെങ്ങുങ്ങൽ കുരിയാക്കു |

## പിതാധിപർക്ക്

ബ. പ്പോച്ചൻ

മാർത്തോമ്മാ സഭാ പ്രസിദ്ധീകരണമായ മലങ്കരസഭാ താരകയുടെ ഒരു പുരാതന പതിപ്പ് (1881–ഫെബ്രുവരി) കഴിഞ്ഞ മാസത്തിൽ വായിക്കുവാനിടയായി. അതിൽ 22–ാം പേജിൽ ആ വർഷത്തെ സഭാ കലണ്ടറിയിൽ ചേർക്കേണ്ടതായ സഭാവിശേഷദിവസങ്ങളുടെ എണ്ണത്തിൽ, 'വി. സ്തെപ്പാനോസിന്റെയും' 'പത്രോസ് പൗലോസ് ശ്ലീഹന്മാരുടെയും' 'വി. തോമ്മാശ്ലീഹായുടെയും' 'വി. മത്തായിശ്ലീഹായുടെയും' 'സകല പരിശുദ്ധന്മാരുടെയും പെരുനാളുകൾ' ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ വാങ്ങിപ്പോയ പരിശുദ്ധന്മാരെ യോഗ്യമായ വിധത്തിൽ ബഹുമാനിക്കുന്നവെന്നുള്ളത് സ്പഷ്ടമാകുന്നു. വാങ്ങിപ്പോയ പരിശുദ്ധന്മാരുടെ മദ്ധ്യസ്ഥപ്രാർത്ഥനയിൽ ആശ്രയിക്കുന്നതിന്റെ ഒരു ചിഹ്നമല്ലെ അവരുടെ പെരുനാളുകൾ ഓർക്കുന്നത്.

കൂടാതെ 3 നോമ്പ്, 15 നൊമ്പ്, ശ്ലീഹാ നോമ്പ് 25 നോമ്പ് എന്നു തുടങ്ങുന്നു? എന്നു വീടുന്നു? എന്നും രേഖപ്പെടുത്തിയിരിക്കുന്നതിനാൽ ഓർത്തഡോക്സ് സഭയിൽ പുരാതന കാലം മുതൽ ആചരിച്ചു വരുന്ന നോമ്പ് ആചരണവും മർത്തോമ്മാസഭയും ആചരിക്കുന്നുവെന്നല്ലെ ഈ സഭാകലണ്ടറിൽ നിന്നും മനസ്സിലാക്കേണ്ടത്.

ഓർത്തഡോക്സ് മാർത്തോമ്മാ സഭകളുടെ യോജിപ്പിന് പരിശുദ്ധന്മാരോടുള്ള മദ്ധ്യസ്ഥപ്രാർത്ഥനയും പൂർവ്വീകമായ നോമ്പാചരണവും ഒരു വിലങ്ങുതടിയായിരിക്കയില്ലല്ലൊ?

പി. സി. ചെറിയാൻ, ആശാരിയേത്തു
ചെറിരാജ്ഞാററ്.

സഭയിലെ വൈദികർക്ക് അങ്ങനെ പങ്കാളിത്തം വഹിക്കാൻ വി: സഭ അനുവദിക്കുന്നില്ലെന്നുള്ള കാര്യം അവർ ധരിച്ചിരിക്കേണ്ടതാണ്.

മാർത്തോമാസഭയുടെ പൗരോഹിത്യത്തെയും കൂദാശകളെയും മലങ്കര ഓർത്തഡോക്സ് സഭ, അന്ത്യോഖ്യൻസഭ, റോമൻകത്തോലിക്കാസഭ, ഈഗുപ്തായസഭ, എത്യോപ്യൻസഭ, യവനായസഭ മുതലായ ലോകമെങ്ങുമുള്ള പുരാതന അപ്പോസ്തോലിക സഭകളൊന്നും തന്നെ സാധുതയുള്ളതായി അംഗീകരിക്കുന്നില്ല. പൗരോഹിത്യം സാധുതയുള്ളതായി അംഗീകരിക്കപ്പെടാത്ത ഒരു സഭയിലെ വൈദികന്റെ കർമ്മാനുഷ്ടാനങ്ങളിൽ ദൃക്സാക്ഷിയാകാമെന്നല്ലാതെ സഹകരിക്കാൻ ഒരു ഓർത്തഡോക്സ് വൈദികനു സാധ്യമല്ല.

വിവാഹ കർമ്മാനുഷ്ടാനവേളയിൽ മാർത്തോമാ വൈദികൻ പരസ്യമായി ഓർത്തഡോക്സ് വൈദികനെ സഹകാർമ്മികനായി ക്ഷണിക്കുകയും ആ ക്ഷണം നന്ദിപൂർവ്വം നിരാകരിക്കുകയും ചെയ്യുമ്പോൾ ഓർത്തഡോക്സ് വൈദികർ വിശാലഹൃദയവും ഐക്യബോധവും സ്നേഹവും മററും ഇല്ലാത്ത പ്രാകൃതരാണെന്ന് പ്രചരിപ്പിക്കാനുള്ള മാർഗ്ഗം ഉണ്ടായേക്കാം. എന്നാൽ ആ നിരാകരണത്തിനും വിശാലഹൃദയത്തിനും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന് കാര്യവിവരവും സംസ്ക്കാരവും ഉള്ളവർക്ക് അറിയാവുന്നതാണ്.

മാർത്തോമ്മാസഭയിലേക്ക് കൊടുക്കുന്ന വിവാഹ സർട്ടിഫിക്കററുകളിൽ ''വിവാഹം നടത്തി അയപ്പാറാക്കണം'' എന്ന് വാചകം എഴുതാത്തതിന്റെ കാരണവും മേൽ പറഞ്ഞതു തന്നെയാണ്. അതു സഭാംഗങ്ങൾ അറിഞ്ഞിരിക്കേണ്ടതാണ്.

ഇതിലാർക്കും പരിഭവമോ പരാതിയോ പറയേണ്ട കാര്യവുമില്ല. വ്യക്തിപരമായ അഭിമാനത്തിന്റെയോ അപമാനത്തിന്റെയോ കാര്യവുമില്ല. സഭാ വിദ്വേഷത്തിന്റെയോ സൗഹൃദമില്ലായ്മയുടെയോ പ്രശ്നവുമല്ല. വിശ്വാസത്തെ മാത്രം ബാധിക്കുന്ന കാര്യമാണ്. അതു സൂക്ഷിക്കേണ്ടതു വിശ്വാസികളുടെ പരമപ്രധാനമായ കർത്തവ്യമാണല്ലോ.

—o—


# COURSE IN HEALTH AND HEALING

**At: CHRISTIAN FELLOWSHIP HOSPITAL, ODDANCHATRAM,**
Anna Dist., Tamil Nadu, South India.
From: 7 To 31 AUGUST, 1988.

FOR PASTORS, HOSPITAL CHAPLAINS, MEN AND WOMEN Interested in the Healing Ministry of the Church.

APPLY by sending Registration fee of Rs; 50/– by Money Order before 10th of July 1988 to—

| | | |
|---|---|---|
| Revd. A. C. Oommen,<br>Ampat, Kaviyoor P. O..<br>Tiruvalla,<br>Kerala—689 582. | OR | Chaplain,<br>Christian Medical Association of India,<br>Smruti Theatre Compound,<br>Mount Road Extension,<br>P. B. No: 24, NAGPUR—440 001. |

The course seeks to impart the wider Christian understanding of healing, health and wholeness. It is designed to help the participants develop sensitivity to the people who are sick and suffering and to acquire skills in counselling and ministering to the people in need. Distinguished Christians in medicine, theology and pastoral—care will lead the various sessions. Role plays, hospital visitation, reading assignments and group interactions will be used to achieve the goals.

The course is subsidized by Christian Medical Association of India and is open to people from all denominations. Only twenty five seats are available. Participants must be sponsered by local churches or church related health institutions.

Christian Fellowship Hospital, Oddanchatram, is between Palani and Dindigul and is easly reached by road from Coimbatore, Madurai and Dindigul. The course will be conducted in English and a working khowledge of English is essential for all who attend.

For further information write to: Chaplain
Christian Medical Association of India,
P. B. No: 24,
NAGPUR—440 001.




# സഭാ വാർത്തകൾ

## പള്ളി കൂദാശ

കൽക്കട്ട ഭദ്രാസനത്തിൽ, മദ്ധ്യപ്രദേശിന്റെ തലസ്ഥാനമായ ഭോപ്പാലിനടുത്തുള്ള 'ദേവാസ്' എന്ന സ്ഥലത്ത് പുതുതായി പണിത സെൻറ് മേരീസ് ദേവാലയത്തിന്റെ കൂദാശ മാർച്ച് 12, 13 തീയതികളിൽ ഭദ്രാസനാധിപൻ സ്തേപ്പാനോസ് മാർ തേവോദോസിയോസ് തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിൽ നടത്തി. 22 അംഗങ്ങൾ മാത്രമുള്ള ഈ ദേവാലയത്തിന്റെ പണിയ്ക്കു ഒന്നര ലക്ഷത്തോളം രൂപ ചിലവായിട്ടുണ്ട്. സമീപപട്ടണങ്ങളായ ഭോപ്പാൽ, ഇൻഡോർ, ഉജ്ജ്യയിൻ മുതലായ സ്ഥലങ്ങളിൽനിന്നും സഭാംഗങ്ങൾ വന്നു സംബന്ധിച്ചു. ഭദ്രാസന സെക്രട്ടറി ഫാ. ഐപ്പ് മങ്ങാട്ട് ഉൾപ്പെടെയുള്ള വൈദികരും കൂദാശയിൽ സംബന്ധിച്ചു. ഫാ. ജോർജ് മാത്യു, കോഴഞ്ചേരിയാണ് വികാരി.

## ശെമ്മാശുപട്ടം നൽകി

പിറവം:— കണ്ടനാട്ട ഭദ്രാസനത്തിൽപ്പെട്ട പിറവം സെൻറ് മേരീസ് പള്ളി ഇടവകാംഗവും വൈദീക സെമിനാരി വിദ്യാർത്ഥിയുമായ വെളിയനാട്ട തളിയചിറ കൊല്ലംപറമ്പിൽ ടി. പി. കുര്യന്, ജോസഫ് മാർ പക്കോമിയോസ് മെത്രാപ്പോലീത്താ വെട്ടിക്കൽ സെൻറ് തോമസ് ദയറായിൽ വച്ച് ശെമ്മാശുപട്ടം നൽകി.

## ഉമയാററുകര

ഉമയാററുകര സെ. തോമസ് ഓർത്തഡോക്സ് പള്ളി ഇടവകാംഗവും വൈദീക വിദ്യാർത്ഥിയുമായ തൈമറവുങ്കരെ മുകടിയിൽ എം. എസ്. സഖറിയായിക്ക് കോട്ടയം പഴയസെമിനാരിചാപ്പലിൽ വച്ച് ഗീവർഗീസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്താ ശെമ്മാശുപട്ടം നൽകി.

## വാർഷീകവും സമ്മാനദാനവും

ബോംബെ: വാഷി സെ. തോമസ് കോൺഗ്രിഗേഷനിലെ ആത്മീയ സംഘടനകളുടെ സംയുക്ത വാർഷികം ഫെബ്രു: 21–ാം തീയതി നടത്തി. ഫാ. ലാസറസ് ഓ. ഐ. സി. അദ്ധ്യക്ഷം വഹിച്ചു. ഫാ. തോമസ് വർഗീസ്, വികാരി ഫാ. സി. ജെ. വറുഗീസ് എന്നിവർ പ്രസംഗിച്ചു. സ്പോർട്ട്സിലും, സണ്ടേസ്കൂൾ ക്ലാസുകളിലും വിജയിച്ചവർക്കുള്ള സമ്മാനം വാർഷികത്തിൽവച്ച് വിതരണം ചെയ്തു. പി. എം മാത്യു സ്വാഗതവും എൻ. ഈ. കോര കൃതജ്ഞതയും പറഞ്ഞു.

വാഷിയിൽ പണിതുകൊണ്ടിരിക്കുന്ന പള്ളി പണിക്കു മർത്തമറിയം സമാജം ഒരു നല്ല തുക സംഭാവന ചെയ്തു.

## ഫാ. ജേക്കബ് കുര്യന് അനുമോദനം

കഞ്ഞഴ ദേവഗിരി മാർ ഏലിയാചാപ്പൽ വികാരിയും കഞ്ഞഴ എം. ജി. ഡി. എം. ആസ്പത്രി ചാപ്ളയിനുമായ ഫാ. ജേക്കബ് കുര്യന് ഡോക്ടറേററു ലഭിച്ചതിൽ മാർ ഏലിയാ ചാപ്പൽ, സണ്ടേസ്കൂൾ, ഓ. വി. ബി. എസ്. വിദ്യാർത്ഥി പ്രസ്ഥാനം, ബാലജനസഖ്യം, സ്കൂൾ ഓഫ് നേഴ്സിംഗ് മുതലായ സംഘടനകളുടെ വകയായി അനുമോദനം നൽകി. അനുമോദന സമ്മേളനത്തിൽ ഫാ. സേവ്യർ കളപ്പുരയ്ക്കൽ അദ്ധ്യക്ഷം വഹിച്ചു. അഡ്വോ. അലക്സ് ജോർജ്ജ്, സി. ഇ. കരുവിള, പ്രൊ. വർഗീസ് പടിയറ, പി. സി. ഉലഹന്നാൻ, കെ. കെ. നാരായണൻ നായർ, ഡോ. തോമസ് ഏബ്രഹാം, എം. പി. അന്നമ്മ, സജു

ജോർജ്ജ്, കെ. കെ. വർഗീസ്, ബാബു ആൻഡ്രൂസ് മുതലായവർ അനുമോദനം നേർന്നുകൊണ്ട് പ്രസംഗിച്ചു.

കെ. ഏ. വർഗീസ് സ്വാഗതവും ഡീക്കൻ. സി. ജി. തോമസ് കൃതജ്ഞതയും പറഞ്ഞു.

## വിവാഹ സംഭാവന

കണ്ടറ ഞാലിയോട്ട് മുളമൂട്ടിൽ പുന്നവിള വീട്ടിൽ ഡെപ്യൂട്ടി ലേബർകമ്മീഷണർ പി. ഗീവർഗ്ഗീസിന്റെ മകം അനിലയുടെ വിവാഹ അവസരത്തിൽ രണ്ടു പാവപ്പെട്ട പെൺകുട്ടികളുടെ വിവാഹം കൂടി ഓർത്തഡോക്സ് സഭയുടെ (M.A.F.) മാര്യേജ് അസിസ്റ്റൻസ് ഫൗണ്ടേഷൻ മുഖേന നടത്താൻ ആവശ്യമായ രണ്ടായിരം രൂപാ മി. വർഗീസ് സംഭാവനയായി നല്കിയിരിക്കുന്നു.

പ്രസ്തുത തുക M.A.F. നു വേണ്ടി ഏറ്റുവാങ്ങിയ നി: വ: ദി: ശ്രീ. സക്കറിയാ മാർ ദീവന്നാസിയോസ് മെത്രാപ്പോലീത്താ മാതൃകാപരമായ ഈ നടപടിയെ അഭിനന്ദിക്കുകയും കഴിവുള്ള എല്ലാ മാതാപിതാക്കളും ഇതു് അനുവർത്തിക്കണമെന്നു് പ്രസ്താവിക്കുകയും ചെയ്തു.

## യുവജന സമ്മേളനം

ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന്റെ കണ്ടനാട്ട് ഭദ്രാസന സമ്മേളനം മാർച്ച് 5–ാം തീയതി ശനിയാഴ്ച നെച്ചൂർ സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയുടെ ആഭിമുഖ്യത്തിൽ നടന്നു.

ഗ്രീക്ക് ഓർത്തഡോക്സ് സഭാ പ്രതിനിധി ഡോ. അലക്സാണ്ടർ പാപ്പ ഡെറോസ് സമ്മേളനം ഉത്ഘാടനം ചെയ്തു. യുവജനപ്രസ്ഥാനം പ്രസിഡൻറ് ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ; ജന. സെക്രട്ടറി ഡീക്കൻ ഒ. പി. വറുഗീസ്, ശ്രീ. ടി. ജെ. അലക്സാണ്ടർ എന്നിവർ രാവിലെ നടന്ന പ്രതിനിധി സമ്മേളനത്തിൽ പ്രസംഗിച്ചു.

ഉച്ചകഴിഞ്ഞ് ഭദ്രാസന മെത്രാപ്പോലീത്താ ജോസഫ് മാർ പക്കോമിയോസ് തിരുമേനി പൊതുസമ്മേളനത്തിൽ അദ്ധ്യക്ഷതവഹിച്ചു. എ. സി. ഐപ്പ്, അഡ്വ. ശ്രീ. ജോൺ മത്തായി എന്നിവർ പ്രസംഗിച്ചു.

നെച്ചൂർ ഇടവക വികാരി ഫാ. ടി. പി. ഏലിയാസ് സ്വാഗതവും ഭദ്രാസന സെക്രട്ടറി ശ്രീ. പി. തോമസ് കൃതജ്ഞതയും പറഞ്ഞു.


# തിരുവചനഭാഷ്യം

## പുതിയനിയമ വ്യാഖ്യാന പരമ്പര

**ഓർത്തഡോക്സ് വൈദികസെമിനാരി**

അദ്ധ്യാപക സമിതി തയ്യാറാക്കുന്ന ഒരു ദിവ്യബോധനം പ്രസിദ്ധീകരണം

ചീഫ് എഡിററർ:

**ഡോ. പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

ജനറൽ എഡിററർ: റവ. ഫാ. ററി. ജെ. ജോഷ്വാ

ആകെ 15 വാല്യങ്ങൾക്ക് മുഖവില 150 രൂപ.

**പ്രീപബ്ളിക്കേഷൻ വില ഒന്നിച്ചടയ്ക്കുമ്പോൾ 100 രൂപ.**

മൂന്നു തവണകളായി 110 രൂപ. (50+30+30)

1988 ഡിസംബറിൽ പ്രഥമഗ്രന്ഥം പ്രസിദ്ധീകരിക്കുന്നു.

**ഏജൻറൻമാർക്ക് ആകർഷകമായ കമ്മീഷൻ**

ഓർഡർഫോമിനും ഏജൻസി വ്യവസ്ഥകൾക്കും എഴുതുക,

എഡിററർ, തിരുവചനഭാഷ്യം, ഓർത്തഡോക്സ് സെമിനാരി

പി. ബി. 98, കോട്ടയം–686 001, കേരള.




## ഭദ്രാസന വാർഷികം

തുമ്പമൺ ഭദ്രാസനത്തിന്റെ 1987–ലെ വാർഷിക പൊതുയോഗം മാർച്ച് 12–ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് ഭദ്രാസനാധിപൻ ദാനിയേൽ മാർ പീലക്സീനോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ,അസിസ്റ്റൻറ് ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനിയുടെ സാന്നിദ്ധ്യത്തിൽ, പത്തനംതിട്ട കാതോലിക്കേറ്റ് കോളജ് ഓഡിറേറാറിയത്തിൽ കൂടി. ഭദ്രാസനസെക്രട്ടറി ഫാ. ഡാനിയേൽ എൻ. വറുഗീസ് പ്രവർത്തന റിപ്പോർട്ടും 1987–ലെ വരവുചെലവു കണക്കും അവതരിപ്പിച്ചതു പൊതുയോഗം പാസ്സാക്കി. തുടർന്ന് 1679648 രൂപാ 54 പൈസാ വരവും 1687564 രൂപാ 73 പൈസാ ചെലവും വരുന്ന 1988–ലെ കമ്മിബഡ്ജററ് സെക്രട്ടറി അവതരിപ്പിച്ചു. യോഗം അംഗീകരിച്ചു. ഫീലിപ്പോസ് മാർ യൗസേബിയോസ് തിരുമേനി ഉദ്ബോധന പ്രസംഗം നടത്തി. യോഗാവസാനം സ്ഥലത്തെത്തിയ വൈദിക ട്രസ്റ്റി ഫാ. മത്തായി നൂറനാലും യോഗാംഗങ്ങളെ അഭിസംബോധന ചെയ്തു. സമ്മേളനത്തിൽ ഭദ്രാസന കമ്മററിയിൽ അംഗങ്ങളായ ജോസഫ് ജോർജ്ജ് സ്വാഗതവും, ജോർജ്ജ് ജോസഫ് കൃതജ്ഞതയും പറഞ്ഞു.

## 318–ാം ഓർമ്മ പെരുനാൾ

അങ്കമാലിയിൽ കബറടങ്ങിയ പ. ഒന്നാം മാർതോമ്മാ തിരുമനസ്സിലെ 318–ാം ഓർമ്മപ്പെരുനാൾ ഏപ്രിൽ 24–ാം തീയതി ദേവലോകം അരമന ചാപ്പലിൽ കൊണ്ടാടുന്നതാണ്.

## സമ്മർ വെക്കേഷൻ ബൈബിൾക്ലാസ്സ്

മാവേലിക്കര സെൻറ് പോൾസ് മിഷൻട്രെയിനിംഗ് സെൻററിൽവച്ച് ആണ്ടുതോറും നടത്തിവരാറുള്ള സമ്മർ വെക്കേഷൻ ബൈബിൾ ക്ലാസ്സ് ഈ വർഷം മെയ് 15 മുതൽ 29 വരെ നടത്തുന്നതാണ്. വേദശാസ്ത്രം, ദൈവശാസ്ത്രം, സഭാചരിത്രം, വിശ്വാസ സത്യങ്ങൾ, മിഷ്യോളജി തുടങ്ങിയുള്ള വിഷയങ്ങൾക്ക് പ്രഗത്ഭരായ അദ്ധ്യാപകർ ക്ലാസ്സുകൾ എടുക്കുന്നു. ആദ്യം പേരു് രജിസ്റ്റർ ചെയ്യുന്ന 75 പേർക്കു മാത്രമേ പ്രവേശനം ഉണ്ടായിരിക്കുകയുള്ളൂ. വിശദവിവരങ്ങൾക്ക് പ്രിൻസിപ്പാൾ, സെൻറ് പോൾസ് മിഷൻ സെൻറർ, മാവേലിക്കര 3 എന്ന വിലാസത്തിൽ എഴുതുക.

## ഏകദിന സമ്മേളനം

ഓർത്തഡോക്സ് വിദ്യാർത്ഥി പ്രസ്ഥാനം തിരുവനന്തപുരം ഏകദിന സമ്മേളനം ഓർത്തഡോക്സ് സ്റ്റുഡൻറ് സെൻററിൽ നടന്നു. മാർച്ച് 6–ന് നടന്ന കോൺഫറൻസിൽ ഷുജാ ജോൺസ്, പ്രൊഫ. ഉമ്മൻ ഫിലിപ്പ് എന്നിവർ ക്ളാസെടുത്തു. ''യേശു നല്ല ഇടയൻ'' എന്നതായിരുന്നു ചിന്താവിഷയം.

വിവിധ ചർച്ചകൾക്ക് ഫാ. ജോസഫ് ശാമുവേൽ, സ്ററുഡൻറ് വൈസ്പ്രസിഡൻറ് പ്രിൻസ് വർഗീസ് മാത്യു, ജോർജ് വർഗീസ്, ഡെയ്സി വർഗീസ്, തുടങ്ങിയവർ നേതൃത്വം നൽകി. സമാപന സമ്മേളനത്തിൽ ഡോ. ററി. കെ. ജോജ് (എൻജി. കോളേജ്) ആശംസാ പ്രസംഗം നടത്തി പ്രിൻസ് വറുഗീസ് സ്വാഗതവും ജോർജി ഉമ്മൻ നന്ദിയും പ്രകാശിപ്പിച്ചു.

## ചെങ്ങന്നൂർ

ചെങ്ങന്നൂർ ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക ഏകദിന സമ്മേളനം മാർച്ച് 13–ാം തീയതി ഞായറാഴ്ച ചെങ്ങന്നൂർ സെ. ഇഗ്നേഷ്യസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് നടന്നു.വെ. റവ. റമ്പാൻ ബർശൈനോ കോർ– എപ്പിസ്കോപ്പാ വി. കുർബ്ബാന അർപ്പിക്കുകയും സമ്മേളനം ഉത്ഘാടനം ചെയ്യുകയും ചെയ്തു. ചെങ്ങന്നൂർ ഭദ്രാസന ഡയറക്ടർ ററി. ജോൺ മാത്യു, ബ്രഷറർ പി. സി. ജോസഫ്, ചെറിയപള്ളി വികാരി ഫാ. കെ. ഓ. ഫിലിപ്, ഫാ. പി. വി. ജോൺ, ഫാ. മാത്യു വറുഗീസ്, സഭാകവി സി. പി. ചാണ്ടി, ചിറമേൽ ജോർജ് വറുഗീസ്, ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ററി. ഇ. ജോസഫ്, ഹെഡ്മാസ്റ്റർ പി. വി. ജോർജ് മുതലായവർ സമ്മേളനത്തിന് നേതൃത്വം നൽകി. 95–ൽ പരം അദ്ധ്യാപിക അദ്ധ്യാപകർ പങ്കെടുത്ത സമ്മേളനം ആദ്യവസാനം സജീവമായിരുന്നു.

## ഡിസ്ട്രിക് സെമിനാർ.

മുളന്തുരുത്തി ഡിസ്ട്രിക്ട് സണ്ടേസ്കൂൾ അദ്ധ്യാപക സെമിനാർ വെട്ടിക്കൽ ദയറായിൽ വച്ച് ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ട് ഉദ്ഘാടനം ചെയ്തു. ഗ്രീക്ക് ഓർത്തഡോക്സ് സഭാ പ്രതിനിധി മി. അലക്സാണ്ടർ പാപ്പ ഡെറോസ് ആശംസാ പ്രസംഗം നടത്തി. ഫാ ററി. പി. ഏലിയാസ് സ്വാഗതവും ഡിസ്ട്രിക് ഇൻസ്പെക്ടർ എസ്. കെ. അട്ടർ നന്ദിയും പറഞ്ഞു, ശ്രീ. ജോൺ വറുഗീസ് റിപ്പോർട്ട് വായിച്ചു.

സെമിനാറിൽ ക്രിസ്തീയ ലീഡർഷിപ്പ് എന്ന വിഷയത്തെക്കുറിച്ച് ഡീക്കൻ ഓ. പി. വറുഗീസ് പ്രബന്ധം അവതരിപ്പിച്ചു. ശ്രീ. പി. തോമസ് മോഡറേറർ ആയിരുന്നു.

മുളന്തുരുത്തി ഡിസ്ട്രിക്ടിൽ കൂടുതൽ മാർക്കു വാങ്ങി SSFC യ്ക്ക് ഒന്നാമതായി ജയിച്ച മറിയാ

ബാലജനസഖ്യം സംസ്ഥാന പ്രസിഡന്റ് സണ്ണി ജോസഫ്, റ്റി. റ്റി. ജേക്കബ്, ഡെയിസി ജോർജ്, തുടങ്ങിയവർ പ്രസംഗിച്ചു. ഫാ. ഏബ്രഹാം ഇടമ്പാടം സ്വാഗതവും പ്രൊഫസർ പി. എം. അബ്രഹാം നന്ദിയും പറഞ്ഞു.

### ഓർമ്മപെരുനാൾ



പാമ്പാക്കുട ചെറിയ പള്ളിയിൽ കബറടങ്ങിയിരിക്കുന്ന പ. ബസ്സേലിയോസ് പൗലൂസ് പ്രഥമൻ കാതോലിക്കാ ബാവായുടെ ഓർമ്മപെരുനാൾ മേയ് 2,3, തീയതികളിൽ പ്രസ്തുത പള്ളിയിൽ ആഘോഷപൂർവ്വം കൊണ്ടാടുന്നതാണ്.

### ക്ഷേമനിധി മത്സരങ്ങൾ

പാക്കിൽ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി ക്ഷേമനിധിയുടെ ആഭിമുഖ്യത്തിൽ ബസേലിയോസ് കോളജിൽവച്ച് 'World Around Us' മത്സരം നടത്തിയതിൽ റ്റി. തോമസ്, സെബാസ്റ്റ്യൻ ചാക്കോ, സൂസൻ ജെയിംസ് കോശി പി. ഈപ്പൻ, കോർപ്പസ് ക്രിസ്റ്റി കോട്ടയം എന്നിവർ വിജയികളായി.

വിജയികൾക്കുള്ള ക്യാഷ് അവാർഡുകൾ (1000 രൂപ, 500 രൂപ, 350 രൂപ, 250 രൂപ) പള്ളി പാരീഷ് ഹാളിൽ ഫാ. സി. സി. ചെറിയാന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽവച്ച് പ്രൊഫ. പി. സി. ഏലിയാസ് വിതരണം ചെയ്തു. ഓർഗനൈസർ സോ. ജേക്കബ് ജോൺ റിപ്പോർട്ട് അവതരിപ്പിച്ചു. ജേക്കബ് കുര്യൻ, പി. കെ. കുര്യൻ ഷൈമാ വറുഗീസ് എന്നിവർ പ്രസംഗിച്ചു. ബിന്ദു വറുഗീസ് സ്വാഗതവും ആൻസി മേരി ജോൺ കൃതജ്ഞതയും പറഞ്ഞു.

### ആവശ്യമുണ്ട്

മലങ്കരസഭ വകയായി തിരുവനന്തപുരത്തു പ്രവർത്തിക്കുന്ന വികലാംഗ ബാലഭവനത്തിൽ സേവനത്തിനായി ഒരു പാചകക്കാരിയെയും കുട്ടികളെ പരിചരിക്കുന്നതിനായി രണ്ട് ആയമാരെയും ആവശ്യമുണ്ട്. മദ്ധ്യവയസ്കർക്കും കുടുംബഭാരമില്ലാത്തവർക്കും മുൻഗണന നൽകും. അൻപത്തിയഞ്ചു വയസ്സിൽ കൂടുതൽ പ്രായമുള്ള ഒരു വാച്ച്മാനെയും ആവശ്യമുണ്ട്. പ്രതീക്ഷിക്കുന്ന ഏററവും കുറഞ്ഞ വേതനവും മററ് ആനുകൂല്യങ്ങളും കാണിച്ച് ഏപ്രിൽ 30–നകം താഴെ കാണുന്ന വിലാസത്തിൽ അപേക്ഷിക്കണം.

ഡയറക്ടർ,

ദി ഹോളി ട്രിനിററി വികലാംഗബാലകേന്ദ്രം

24, ടാഗോർ ഗാർഡൻസ്, തിരുവനന്തപുരം-11.

## മലങ്കര ഓർത്തഡോക്സ് ചർച്ച് എഡ്യുക്കേഷൻ ആൻഡ് സോഷ്യൽ സർവീസ് സൊസൈററി

### അംഗത്വം എടുത്തിട്ടുള്ളവരുടെ പേരുവിവരം

74. ശ്രീ. സി. സി. ജോൺ, നെച്ചപ്പാടം
75. ശ്രീ. പി. റ്റി. തോമസ്, പാലാമ്പടം
76. ശ്രീ. പി. പി. ജോർജ്, കൊച്ചി
77. ശ്രീ. സി. കെ. കോശി, കൊച്ചി
78. ശ്രീ. റ്റി. എ. ഏബ്രഹാം, കൊച്ചി
79. ശ്രീ. ടി. ജി. ഐസക്ക്, കൈപ്പട്ടൂർ
80. ശ്രീ. എൻ. എം. വറുഗീസ്, പോത്താനിക്കാട്
81. ഡോ. കെ. പി. ജോണി, സുൽത്താൻബത്തേരി

### സ്ഥാപനങ്ങൾ

1. ചെങ്ങന്നൂർ ഭദ്രാസനം
2. പാറേട്ട് മാർ ഈവാനിയോസ് ഹോസ്പിററൽ പുതുപ്പള്ളി
3. സെ. മേരീസ് കോളേജ് സുൽത്താൻബത്തേരി
4. സെ. ജോർജ് ഓർത്തഡോക്സ് സിംഹാസനപള്ളി, പിറവശ്ശേരി
5. കൊല്ലം ഭദ്രാസനം
6. കണ്ടനാട് ഭദ്രാസനം
7. സെ. ആൻറണീസ് ഓർത്തഡോക്സ് പള്ളി, തണ്ണിത്തോട്
8. സെ. തോമസ് ഓർത്തഡോക്സ് പള്ളി, മാന്തളിർ
9. സെ. തോമസ് ഓർത്തഡോക്സ് പള്ളി, ചങ്ങനാശ്ശേരി

### റിട്ടയർ ചെയ്തു

കാട്ടകാമ്പാൽ: കരിക്കാട്ട് സി. എം. എൽ. പി. സ്കൂളിൽ പ്രധാനാദ്ധ്യാപകനായിരുന്ന പുലിക്കോട്ടിൽ സൈമൺ കത്തനാർ മാർച്ചു മാസത്തിൽ റിട്ടയർ ചെയ്തു. ഇദ്ദേഹം ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയിൽ നിന്ന് ശെമ്മാശ്ശുപട്ടവും, പാമ്പാടി മാർ ഗ്രീഗോറിയോസ് തിരുമേനിയിൽ നിന്ന് കശ്ശീശാ പട്ടവും സ്വീകരിച്ചു. 1953 ജൂൺ 1–ാം തീയതി മുതൽ കാട്ടകമ്പാൽ പള്ളിയിൽ തുടർച്ചയായി സേവനം ചെയ്തുകൊണ്ടിരിക്കുന്നു.



# ബൈബിൾ പഠനം

ഡി. എം. സി. ചെറിയാൻ

| |
|---|
| പാഠം 62 |
| 2 പത്രോസ് |
| വിജയിയുടെ പേരും വിലാസവും |
| പേര്. മറിയാമ്മ ജോർജ് |
| വിലാസം. കിണററുവിള വീട്, കോഴിക്കോട് |
| ഭദ്രാസനം: മലബാർ |
| രജി. നമ്പർ. 7016 |

| |
|---|
| പാഠം 65 |
| യോഹന്നാൻ എഴുതിയ 3–ാം ലേഖനം |
| പ്രവേശനഫാറം |
| പേര് ........................................ |
| വിലാസം........................................ |
| ഭദ്രാസനം ........................................ |
| രജി: നമ്പർ.................... |

### പാഠം 62

#### ഉത്തരം

1. 7, യോവേൽ, നഹൂം, ഹബക്കൂക്ക്, സെഫന്യാവ്, 2 തെസ്സലോനിക്യർ, തീത്തോസ്, 2 പത്രോസ്.
2. 61
3. 2
4. 8 [1:1, 1, 8, 11, 13, 16, 2:20, 3:18]
5. 1000 [3:8]
6. 5 [ലോത്ത്, നോഹ, ബെയോരാമിന്റെ മകനായ ബിലെയാം, പൗലോസ്, ശീമോൻ പത്രോസ്] 1:1, 2:5, 7, 15, 3:15
7. 7 വീര്യം, പരിജ്ഞാനം, ഇന്ദ്രിയ ജയം, സ്ഥിരത, ഭക്തി, സഹോദര പ്രീതി, സ്നേഹം (1:5, 6, 7)
8. (2:5)
9. 3 (1:16) പത്രോസ്, യാക്കോബ്, യോഹന്നാൻ.
10. 2 (3:10–14)

#### ശരിയായ ഉത്തരം അയച്ചുതന്നവർ

1. മറിയാമ്മ ജോർജ്, കോഴിക്കോട്
2. തങ്കമ്മ സഖറിയാ, ചെങ്ങന്നൂർ
3. സഖറിയാ, പനസ്സാമററം
4. ജി. കുട്ടി. ചെറിയനാട്
5. വി. സി. മാത്യു. നെല്ലിപ്പള്ളി
6. എം. വി. പൌലോസ്. ചെല്ലക്കോട്
7. മോളി മാത്യസ് നാരങ്ങാനം
8. സഖറിയ ബി. മോപ്പാൽ
9. ജോർസി വി. ജി. വടക്കൻ പറവൂർ
10. കിടങ്ങന്നൂർ
11. തോമസ് സഖറിയാ. നിരണം
12. റിനി അലക്സ്. കവിയൂർ
13. അമ്മിണി പി. ഡി. കുന്നംകുളം
14. വറുഗീസ് ജോർജ് മാക്കാംകുന്ന്
15. മാതൃ വർഗീസ് സീതത്തോട്
16. മിസ്സസ്. ജോർജു മുതലാളി കൊച്ചി
17. സാറാമ്മതോമസ് മലാഡ്
18. മാത്യു എം. ഗുജറാത്ത്
19. പുഷ്പാ ജോർജ് നെല്ലിക്കൽ
20. ഡോ. ഏലിയാമ്മ ഐസക് പുത്തൂർ
21. തോമസ് വറുഗീസ് കൊടുമൺ
22. പേരില്ല കല്ലിശ്ശേരി
23. എത്സി തോമസ് കരഗ്പൂർ
24. റ്റി. ഡി. ജോസുകുട്ടി മദ്രാസ്
25. ബേബി ഏ. യു പഴഞ്ഞി
26. ഷേമ മാത്യു പുതുപ്പള്ളി
27. ശോശാമ്മ തോമസ് കിടങ്ങന്നൂർ
28. പി. റ്റി. കുര്യൻ പാററ്നാ
29. മറിയാമ്മ കോശി തഴമേൽ
30. മേഴ്സി ജോഷി ചെങ്ങന്നൂർ
31. തങ്കമ്മ ഏബ്രഹാം ആനന്ദ്
32. റ്റി. ജെ. സ്കറിയാ തുമ്പമൺ
33. മോളി ചെറിയാൻ കഴിഞ്ഞൊള്ള

34. പി. സി. ചെറിയാൻ ദുർഗഗ്
35. ജോർജി കോശി കൈപ്പട്ടൂർ
36. കോശി മത്തായി നന്ദിനി
37. ഷേർളി മാത്യു പാലിയേക്കര
38. ഷൈനോ ജോൺ ട്രിച്ചി
39. ഏലിയാമ്മ ഐയ്പ്പ് പുത്തൻകാവ്
40. മേഴ്സി ചെറിയാൻ റെണക്കട്ട്
41. റോസമ്മ കെ. വൈ. ഫരിദാബാദ്
42. ഏ. ററി ഗീവറുഗീസ് കൽക്കട്ട
43. റേച്ചൽ ചാക്കോ ആനിക്കാട്ട്

## പാഠം 65

### യോഹന്നാൻ എഴുതിയ മൂന്നാം ലേഖനം

1. പുതിയ നിയമത്തിൽ വ്യക്തിയ്ക്ക മാത്രമെഴുതിയ എത്ര പുസ്തകങ്ങൾ
2. പാഠത്തിൽ എത്ര വാക്യങ്ങൾ
3. പാഠത്തിൽ പേരുപറയപ്പെടുന്നവർ ആരെല്ലാം
4. പ്രിയനേ എന്ന പദം എത്ര പ്രാവശ്യം
5. സത്യം സത്യത്താൽ, എത്ര പ്രാവശ്യം
6. സ്നേഹിക്കുന്ന, സ്നേഹത്തിൽ, സ്നേഹിതന്മാർ ഇവ എത്ര പ്രാവശ്യം
7. സഹോദരന്മാർ, സഹോദരന്മാരെ എത്ര പ്രാവശ്യം.
8. സാക്ഷ്യം എത്ര പ്രാവശ്യം
9. എത്രകാര്യങ്ങൾക്കായി പ്രാർത്ഥിക്കുന്നു.
10. എഴുതുവാൻ എനിക്കു മനസ്സില്ല എന്നു എത്ര ലേഖനത്തിൽ കാണാം
11. ചോദ്യം 1നെ ചോദ്യം 3 കൊണ്ട് ഗുണിക്കുക. അതിനോട് ചോദ്യം 4 കൂട്ടുക അതിനെ ചോദ്യം 5 കൊണ്ട് ഹരിക്കുക. വീണ്ടും ചോദ്യം 7 കൊണ്ട് ഹരിക്കുക. അതിനെ ചോദ്യം 9 കൊണ്ട് ഗുണിക്കുക. അതിനെ ചോദ്യം 10 കൊണ്ട് ഹരിക്കുക. അതിനെ ചോദ്യം 2 കൊണ്ട് ഗുണിക്കുക, വീണ്ടും ചോദ്യം 6 കൊണ്ട് ഗുണിക്കുക അതിനോട് ചോദ്യം 8 കൂട്ടുക. ഉത്തരം എത്ര?

ഒക്ടോബർ മാസത്തിലെ ഉത്തരത്തോടുകൂടെ ബൈബിൾ പഠനത്തിന്റെ ഈ രീതി അവസാനിപ്പിക്കുന്നതാണ്. അവസാന പാഠം നോമ്പുകൾ, പ്രാർത്ഥനകൾ, കൂദാശകൾ ഇവയെല്ലാം ചേർത്തുള്ള ഒരു പാഠമായിരിക്കും. വിജയികൾക്ക് നവംബറിൽ പരുമലയിൽ വച്ച് സമ്മാനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. തുടർച്ചയായി 12 പാഠങ്ങളിൽ വിജയികളായവർക്കും 25-ൽ അധികം പാഠങ്ങളിൽ വിജയികളായവർക്കും പ്രോത്സാഹന സമ്മാനം നൽകുന്നതാണ്.

''ബൈബിൾ സമ്പർക്കപരിപാടി'' എന്നുള്ള അടുത്ത പഠനപംക്തി അതിനുശേഷം ആരംഭിക്കും. പ്രാരംഭമായി മലങ്കരസഭമാസിക വരിക്കാരെ ഉദ്ദേശിച്ചുകൊണ്ട് ''ബൈബിൾ മാരത്തോൺ'' എന്ന മത്സരം സംഘടിപ്പിക്കുന്നു. മത്സരം കൊണ്ട് ഉദ്ദേശിക്കുന്നത് വേദപുസ്തകത്തിലെ പുസ്തകങ്ങളുമായി ഒന്നു പരിചയപ്പെടുക. പുസ്തകം പഴയനിയമത്തിലോ പുതിയനിയമത്തിലോ, ആകെ അദ്ധ്യായങ്ങൾ, പുസ്തകത്തിന്റെ അയൽപക്കത്തുള്ള പുസ്തകങ്ങൾ ഇവ അറിഞ്ഞിരിക്കുക എന്നതാണ് ലക്ഷ്യം. പറയുന്ന വാക്യം വളരെ വേഗത്തിൽ തിരഞ്ഞെടുക്കുക. പുസ്തകങ്ങളുടെ സ്ഥാനവും ബലവും അറിഞ്ഞാലെ ഇതു് എളുപ്പമാകയുള്ളു.

മത്സരത്തിൽ 25-ൽ അധികം പേരുണ്ടെങ്കിൽ കേരളത്തിലുള്ള ഭദ്രാസനതലത്തിലും മേഖലാടിസ്ഥാനത്തിലും കേന്ദ്രാടിസ്ഥാനത്തിലും മത്സരം നടത്തി ബൈബിൾ മാരത്തോണിലെ വിജയികളെ കണ്ടുപിടിക്കാം.

### നിബന്ധനകൾ

1. ഉത്തരങ്ങൾ അയയ്ക്കുന്നവർ കുടിശ്ശികയില്ലാത്ത മാസികാ വരിക്കാരായിരിക്കണം.
2. മത്സരം മലയാളത്തിലായിരിക്കും.
3. ബൈബിൾ സൊസൈററിയുടെ പഴയ പുതിയ നിയമ വേദപുസ്തകം മാത്രം മത്സരത്തിനു ഉപയോഗിക്കണം.


## മലങ്കരസഭ

| | |
|---|---|
| വാർഷികവരിസംഖ്യ | 15 രൂപാ |
| ആയുഷ്ക്കാല വരിസംഖ്യ | 200 ,, |

**ഉപകാരസ്മരണാ ബ്ലോക്കുകൾക്ക്**

| | |
|---|---|
| ഫുൾപേജ് | 500 രൂപാ |
| അരപേജ് | 300 ,, |
| കാൽപേജ് | 175 ,, |
| ചെറിയ ബ്ലോക്ക് | 25 ,, |
| കവർപേജ് | 600 ,, |

**വിവാഹ പരസ്യങ്ങൾക്ക്**

| | |
|---|---|
| മിനിമം ചാർജ് | 100 രൂപാ |

ഓർഡറും പണവും മാനേജർ, മലങ്കരസഭ, കോട്ടയം 686 038 എന്ന മേൽവിലാസത്തിൽ അയയ്ക്കുക.




### പൗരോഹിത്യ രജത ജൂബിലി



പത്തനംതിട്ട തെങ്ങുംതറയിൽ ഫാ. ററി. ജി. ജോണിന്റെ പൗരോഹിത്യ രജതജൂബിലി മാക്കാംകുന്ന് സെന്റ് സ്റ്റീഫൻസ് കത്തീഡ്രലിൽ വച്ച് നടത്തപ്പെട്ടു. പ. കാതോലിക്കാബാവാ തിരുമേനിയുടെ അദ്ധ്യക്ഷതയിൽ ചേന്ന യോഗത്തിൽ സമുദായ വൈദീക ട്രസ്റ്റി ഫാദർ മത്തായി നൂറനാൽ കെ. വി. മാമ്മൻ മനോരമ, ക്യാപ്ററൻ മാത്യൂസ്, മഹാകവി പുത്തൻകാവ് മാത്തൻതരകൻ, തോമസ് കുതിരവട്ടം എം. പി. എന്നിവരും ഇടവകകളെ പ്രതിനിധീകരിച്ച് ഫാ. പി. വി. ജോസഫ്, കോയമ്പത്തൂർ, പി. പി. മാത്യു മെഴുവേലി, സി. എം. തോമസ് തുമ്പമൺ, വി. ജി. ഷാജി വെണ്മണി, സി. കെ. വർഗീസ് കരമ്പാല എന്നിവരും അനുമോദന പ്രസംഗങ്ങൾ നടത്തി.

ബ. അച്ചൻ ഓത്തഡോക്സ് യുവജന പ്രസ്ഥാനം ഓർഗനൈസിംഗ് ജനറൽ സെക്രട്ടറിയായും ഓത്തഡോക്സ് യൂത്ത് ചീഫ് എഡിററായും പ്രവത്തിച്ചിട്ടുണ്ട്. ഇപ്പോൾ ചെങ്ങന്നൂർ ഭദ്രസന ആഭ്യന്തര മിഷ്യൻ വൈസ് പ്രസിഡന്റ്, സന്നദ്ധ സുവിശേഷ സംഘം ഡയറക്ററർ എന്നീസ്ഥാനങ്ങൾ വഹിക്കുന്നു.

### പള്ളി കൂദാശ

പുതുക്കി പണികഴിപ്പിച്ച മണക്കാല സെ. ജോൺസ് പള്ളിയുടെ കൂദാശ മാർച്ച് 11, 12 തീയതികളിൽ നിയുക്ത കാതോലിക്ക മാത്യൂസ് മാർ കൂറീലോസ് തിരുമനസ്സിലെ പ്രധാന കാർമ്മീകത്വത്തിലും തോമസ് മാർ തീമോത്തിയോസ്, മാത്യൂസ് മാർ എപ്പിപ്പാനിയോസ് എന്നീ തിരുമേനിമാരുടെ സഹകരണത്തിലും നടന്നു.

കൂദാശയ്ക്കു ശേഷം നടന്ന പൊതുസമ്മേളനത്തിൽ തീമോത്തിയോസ് തിരുമേനി അദ്ധ്യക്ഷം വഹിച്ചു. കൂറീലോസ് തിരുമേനി സമ്മേളനം ഉത്ഘാടനം ചെയ്തു. എപ്പിപ്പാനിയോസ് തിരുമേനി, ഫാ. പി. വി. ശമുവേൽ, ഫാ. തോമസ് പുവണ്ണാൽ, ഫാ. തോമസ് മാത്യു, ഡീ. പി. സ്റ്റീഫൻ, ഡോ. കെ. മൊഹദീൻകുഞ്ഞു, കെ. സുകുമാരപ്പിള്ള, ററി. ജെ. അലക്സാണ്ടർ എന്നിവർ പ്രസംഗിച്ചു.

---

4. ഒരു രജിസ്ററർ നമ്പറിൽ ഒരാൾക്കേ പങ്കെടുക്കുവാൻ പാടുള്ളു. (ഒരു നമ്പറിൽ ഒന്നിൽ കൂടുതൽ ആളുകൾ ഉണ്ടെങ്കിൽ അവർ മത്സരം നടത്തി വിജയിക്കുന്നവരെ പങ്കെടുപ്പിക്കുക)
5. ഇടവക തലത്തിലോ മററോ മത്സരം നടത്തി വിജയിക്കുന്നവർ ഭദ്രാസനതലത്തിലെ മത്സരത്തിനെത്തുക.
6. മത്സരത്തിനെത്തുന്നവർ സ്വന്തം ചിലവിൽ വേണം എത്തേണ്ടതു്.
7. ബൈബിൾ മാരത്തോണിനു മുൻപുള്ള പ്രവേശന പരീക്ഷയിൽ വിജയിക്കുന്നവർക്കു മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.
8. പ്രവേശന പരീക്ഷയിൽ പുസ്തകങ്ങൾ അദ്ധ്യായങ്ങൾ, സ്ഥാനം, മുൻപും പിൻപുമുള്ള പുസ്തകങ്ങൾ ഇവയിൽനിന്നായിരിക്കും ചോദ്യം. എല്ലാ ചോദ്യവും അറിയാമെങ്കിലും വേഗത്തിൽ എഴുതുന്നവർക്കായിരിക്കും വിജയസാദ്ധ്യത.
9. ഭദ്രാസന, മേഖല, കേന്ദ്രമത്സരത്തിനെല്ലാം പ്രവേശന പരീക്ഷയുണ്ടായിരിക്കും.
10. വിജയികൾക്കുള്ള സമ്മാനം പിന്നീടു പ്രഖ്യാപിക്കും.
11. മത്സരത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ മേയ് 30-നു മുൻപ് ബൈബിൾ മാരത്തോൺ C/o Dn. M.C. Cher'an OCSC TVM-1 എന്ന വിലാസത്തിൽ അറിയിക്കുക. എന്റെ പേരിൽ മാസിക വരുന്നുണ്ട്. രജി: നമ്പർ ഇന്നതാണ് ഈ നമ്പരിൽ ഒരാൾ മാത്രമേ പങ്കെടുക്കുന്നുള്ളു. എന്നുള്ള വിവരവും ഭദ്രാസനത്തിൽ എവിടെയാകാം എന്നുള്ള നിർദ്ദേശവും അറിയിക്കുക. ഭദ്രാസന, മേഖല, കേന്ദ്ര മത്സരം സ്ഥലവും തീയതിയും പിന്നീട് അറിയിക്കാം.

പാഠം 65-ന്റെ ഉത്തരം അടുത്ത മാസം 20-നു മുൻപ് ബൈബിൾ പഠനം പാഠം 65, C/o Dn. M. C. Cherian, Orthodox Student Centre, Trivandrum - 695001 എന്ന വിലാസത്തിൽ അറിയിക്കുക.

—o—

### ശെമ്മാശ പട്ടം

പുത്തൂർ: കിണറുകര കിഴക്കേതിൽ പുതിയോട്ട് നെൽസൺ ജോണിന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറീലോസ് തിരുമേനി പുത്തൂർ സെ. ജോർജ്ജ് വലിയ പള്ളിയിൽവച്ച് മാർച്ച് 9–ാം തീയതി ശെമ്മാശ പട്ടം നൽകി.

### മേഖലാസമ്മേളനം

കൊല്ലം ഭദ്രാസന ബാലസമാജത്തിന്റെ വാർഷികവും പൂർവ്വമേഖല ഏകദിന സെമിനാറും ചെമ്മന്തൂർ സെ. ജോൺസ് പള്ളിയിൽവച്ച് നടന്നു. അഭിവന്ദ്യ മാത്യൂസ് മാർ എപ്പിപ്പാനിയോസ് തിരുമേനിയും ബ. സിറിൾ റമ്പാച്ചനും ഇതിന് നേതൃത്വം വഹിച്ചു.

ഡോ. ശാമുവേൽ ചന്ദനപ്പള്ളി, ഡോ. രാജൻ ബാബു, ഡീക്കൻ തോമസ് മാത്യു, സിറിൾ റമ്പാൻ എന്നിവർ ക്ലാസുകൾ എടുത്തു.

തുടർന്നു ചേർന്ന പൊതുസമ്മേളനത്തിൽ ഫാ. മത്തായി വിലനിലം ആദ്ധ്യക്ഷം വഹിച്ചു. എപ്പിപ്പാനിയോസ് തിരുമേനി ഉത്ഘാടനം ചെയ്തു. ഫാ. കെ. ഓ. വറുഗീസ്, ഫാ. ജെ. വർഗീസ് കായങ്കുളം, ഫാ. ജെ. മാത്തുക്കുട്ടി, ഫാ. ജോസഫ് ശമുവേൽ, മെ. എ. വി. ജോർജ്ജ്, മാത്യു ഫിലിപ്പ്, കെ. തോമസ് എന്നിവർ പ്രസംഗിച്ചു. ഫാ. സഖറിയ സ്വാഗതവും ജേക്കബ് ജോർജ്ജ് കൃതജ്ഞതയും പറഞ്ഞു.

### ഭദ്രാസന വാർഷികം

ഓർത്തഡോക്സ് യുവജനപ്രസ്ഥാനം ഇടുക്കി ഭദ്രാസന വാർഷിക സമ്മേളനം 1988 ഫെ. 20–ന് നെടുങ്കണ്ടം സെ. മേരീസ് പള്ളിയിൽ വച്ചു നടത്തി. രാവിലെ അഭിവന്ദ്യ ബസ്ക്കീപ്പാ റമ്പാൻ പതാക ഉയർത്തുകയും 10 മണിക്ക് സമ്മേളനം ഉത്ഘാടനം ചെയ്യുകയും ചെയ്തു. തുടർന്ന് പ്രസ്ഥാനം സെക്രട്ടറി ഡീക്കൻ ഓ. പി. വർഗീസ്, ഫാദർ ആഗസ്ത്യൻ നന്തലത്ത്, ഡോ. സി. സി. ജോൺസൺ എന്നിവർ ക്ലാസുകളെടുത്തു. ഉച്ചയ്ക്കുശേഷം ഗീവർഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ക്ലാസെടുത്തു. ക്ലാസ്സിനുശേഷം സമാപനസമ്മേളനം നടന്നു. സി. കെ. ജേക്കബ്, കെ. സി. ജേക്കബ് തരകൻ, ഫാ. ഐ. സി. പത്രോസ് എന്നിവർ പ്രസംഗിച്ചു. ഭദ്രാസനത്തിലെ വിവിധ പള്ളികളിൽ നിന്നായി 600 അംഗങ്ങൾ സമ്മേളനത്തിൽ സംബന്ധിച്ചിരുന്നു.

സമ്മേളനത്തിന് ഭദ്രാസന വൈസ് പ്രസിഡണ്ടും ജനറൽ കൺവീനറും കൂടിയായ ഫാ. കെ. റ്റി. ജേക്കബ് സ്വാഗതം ആശംസിക്കുകയും സെക്രട്ടറി എം. എസ്. ജോസഫ് കൃതജ്ഞത രേഖപ്പെടുത്തുകയും ചെയ്തു.



17–3–1988–ൽ 81 വയസ് തികഞ്ഞ വെരി. റവ. സഖറിയാ റമ്പാൻ.

ബ. റമ്പാച്ചൻ ബത്തേരി ഭദ്രാസനത്തിൽ താളൂർ സെ. മേരീസ് പള്ളിയിൽ താമസിക്കുന്നു. നല്ല ആരോഗ്യവാനായ റമ്പാച്ചൻ ഇടവകയുടെ എല്ലാ കാര്യങ്ങളും ഉത്സാഹപൂർവ്വം നടത്തിവരുന്നു.

### ഗവർണർ ഉത്ഘാടനം ചെയ്തു

കണ്ടറ വലിയപള്ളി വകയായി 10 ലക്ഷം രൂപ മുടക്കി പണികഴിപ്പിച്ച സെ. ആൻഡ്രൂസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ കെട്ടിടത്തിന്റെ ഉത്ഘാടനം ബ: കേരളാ ഗവർണർ ശ്രീമതി. റാം ദുലാരി സിൻഹ നിർവ്വഹിച്ചു. നിയുക്ത കാതോലിക്കാ അഭിവന്ദ്യ മാത്യൂസ് മാർ കൂറീലോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ ഉത്ഘാടന സമ്മേളനത്തിൽ സഭാസെക്രട്ടറി ശ്രീ. പോൾ മത്തായിയും ഫാ. കെ. സി. മാത്യൂസും പ്രസംഗിച്ചു. ദീയസ്കോറോസ് തിരുമേനി സ്വാഗതവും സ്കൂൾ മാനേജർ ഫാ. സാം ജി. കളീക്കൽ നന്ദിയും പറഞ്ഞു. വി. കബ്ബാനയെ തുടർന്ന് ദീയസ്ക്കോറോസ് തിരുമേനി കെട്ടിടത്തിന്റെ കൂദാശ നിർവ്വഹിച്ചു.

### വൈവാഹികം

ഉത്തമരായ വധൂവരന്മാരെ തെരഞ്ഞെടുക്കുന്നതിന് ''മലങ്കരസഭ'' യിലെ വൈവാഹിക പംക്തിയുമായി ബന്ധപ്പെടുക.

മാനേജർ
മലങ്കരസഭ, കോട്ടയം–38.





ഫാ. മത്തായി നൂറനാലിന്
അറുപതു വയസ്സു തികഞ്ഞു

വൈദികട്രസ്റ്റി റവ. ഫാ. മത്തായി നൂറനാലിന് 1988 മാർച്ച് 31–ാം തീയതി അറുപതു വയസ്സു തികഞ്ഞു.

ബ. അച്ചന് 'മലങ്കരസഭ'യുടെ ആശംസകൾ.



തിരുവനന്തപുരത്തു നടന്ന സംസ്ഥാന അത്‌ലറ്റിക് മീറ്റിൽ 10000 മീറ്റർ ഓട്ടത്തിൽ രണ്ടാം സ്ഥാനം നേടി വെള്ളി കരസ്ഥമാക്കിയ പി. ടി. ഏലിയാമ്മ കേരള കായികവേദിയിലെ വളരുന്ന പ്രതിഭയാണ്. മുണ്ടക്കയം ഓർത്തഡോക്സ് ഇടവകാംഗവും 8–ാം ക്ലാസ്സ് വിദ്യാർത്ഥിനിയുമായ ഏലിയാമ്മ ഇതിനോടകം നിരവധി സമ്മാനങ്ങൾ നേടിയിട്ടുണ്ട്. ജബൽപ്പൂരിൽ അത്‌ലറ്റിക്സിൽ പരിശീലനം നടത്തുകയാണ് ഇപ്പോൾ.

### വികലാംഗർക്ക് ഒരഭയകേന്ദ്രം

മൂവാററുപുഴ ടൗണിനടുത്ത് മുടവൂർ മാർ ഗ്രീഗോറിയോസ് കാതോലിക്കേററ് സെൻററിനോട് അനുബന്ധിച്ച് ഉദ്ദേശം 5 ലക്ഷത്തോളം രൂപ ചെലവു ചെയ്ത് നമ്മുടെ സഭവകയായി വികലാംഗർക്ക് പണിതീർത്തിട്ടുള്ള വട്ടശ്ശേരിൽ മാർ ഡയനേഷ്യസ് ഹോം 1988 ഫെ. 28–ാം തീയതി പരിശുദ്ധ ബാവാ തിരുമേനി ഉത്ഘാടനം ചെയ്തു. ഈ സ്ഥാപനത്തിൽ 50 പേരെ പുനരധിവസിപ്പിക്കുന്നതിനുള്ള സൗകര്യമുണ്ടെങ്കിലും സാമ്പത്തിക പരിമിതിമൂലം ഇപ്പോൾ 6 പേരെ മാത്രമാണ് പ്രവേശിപ്പിച്ചിട്ടുള്ളത്. അർഹതയുള്ള ഏതാനും അപേക്ഷകർകൂടി പുറത്തുനിൽക്കുന്നു എന്ന വസ്തുത ഖേദപൂർവ്വം അറിയിക്കുകയാണ്.

ഏതാനും സമുദായസ്നേഹികളുടെ സഹായംകൊണ്ട് പണിതീർത്തിട്ടുള്ള ഈ സ്ഥാപനം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ സാധിക്കണമെങ്കിൽ മനുഷ്യസ്നേഹികളും ദീനാനുകമ്പ ഉള്ളവരുമായ ഏതാനും പേർ കൂടി സഹായഹസ്തം നീട്ടേണ്ടിയിരിക്കുന്നു. പ. ബാവാ തിരുമേനി നിയമിച്ചാക്കിയ ഡോ. പീലിപ്പോസ് മാർ തേയോഫിലോസ് തിരുമേനി പ്രസിഡണ്ടും ഗീവറുഗീസ് മാർ ഒസ്താത്തിയോസ് തിരുമേനി വൈസ് പ്രസിഡണ്ടും ആയിട്ടുള്ള ഒരു കമ്മററിക്കാണ് ഇപ്പോൾ ഈ സ്ഥാപനത്തിന്റെ ചുമതല.

വടക്കൻ പ്രദേശത്ത് പ്രത്യേകിച്ചും അങ്കമാലി ഭദ്രാസനത്തിൽ പുണ്യശ്ലോകനായ വട്ടശ്ശേരിൽ മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ തിരുമനസ്സിലെ പേരിൽ സ്ഥാപിച്ചിട്ടുള്ള ഈ സ്ഥാപനം സാമ്പത്തിക പരിമിതി മൂലം പൂർണ്ണമായും പ്രയോജനപ്പെടുത്തുവാൻ കഴിയാതെവരുന്നു എന്നുള്ളത് തികച്ചും ഖേദകരമാണ്. സന്മനസുള്ള സമുദായസ്നേഹികൾ ഡയനേഷ്യസ് ഹോമിലെ ഒരു അന്തേവാസിയുടെ ചെലവിനുള്ള തുക പലിശയായി ലഭിക്കത്തക്കവണ്ണം എൻഡോവ്മെൻറുകൾ ഏർപ്പെടുത്തുകയോ അന്തേവാസികളുടെ ദൈനംദിന ചെലവുകൾക്കായി ഒരു നിശ്ചിത തുക പ്രതിമാസം സംഭാവനയായോ ഒററപ്പെട്ട സംഭാവനകളായോ സെക്രട്ടറി, ഡയനീഷ്യസ് ഹോം മുടവൂർ, മൂവാററുപുഴ എന്ന മേൽവിലാസത്തിൽ അയച്ചുതന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഫാ. കെ. സി. സഖറിയാ
സെക്രട്ടറി

# മരുഭൂമിയിലെ നീരുറവ

## സെ. തോമസ് ഓർത്തഡോക്സ് കോൺഗ്രിഗേഷൻ

1975 സെപ്റ്റംബർ 12–ാം തീയതി അഭിവന്ദ്യ ഗീവർഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയാൽ സ്ഥാപിതമായ ഈ കോൺഗ്രിഗേഷൻെറ 12–ാമത്ത് വാർഷിക പൊതുയോഗം 1988 ഫെബ്രുവരി 5–ാം തീയതി വൈകിട്ട് പ്രാർത്ഥനയ്ക്കുശേഷം കൂടുകയും 1987–ലെ 364, 724 രൂപയുടെ ഓഡിററു ചെയ്ത വരവുചെലവ് കണക്കുകൾ അംഗീകരിക്കുകയും ചെയ്തു. ഈ കോൺഗ്രിഗേഷന് കഴിഞ്ഞ പന്ത്രണ്ടു വർഷക്കാലം ആത്മീകവും ജീവകാരുണ്യ പ്രദവുമായ നല്ല പ്രവർത്തനങ്ങൾ മെച്ചമായ രീതിയിൽ നടത്തുവാൻ കഴിഞ്ഞതിൽ അംഗങ്ങൾ സന്തോഷം പ്രകടിപ്പിക്കുകയും ആയതിന് ദൈവത്തെ സ്തുതിക്കുകയും ചെയ്തു. തുടർന്നും ഇതുപോലുള്ള നല്ല പ്രവർത്തനങ്ങൾ കൂടുതൽ ചെയ്യുന്നതിന് അംഗങ്ങൾ ദൃഢനിശ്ചയം ചെയ്യുകയും ആയതിൻെറ നടത്തിപ്പിലേക്കുള്ള 1988–ലെ 355000/– രൂപയുടെ ബഡ്ജററ് പൊതുയോഗം അംഗീകരിക്കുകയും ചെയ്തു.

ദൈവത്തിൻെറ അളവററ കരുണകൊണ്ടും, കോൺഗ്രിഗേഷൻ അംഗങ്ങളുടെ സഹകരണങ്ങൾ കൊണ്ടും ജീവകാരുണ്യ പ്രവർത്തനങ്ങളായ ചികിത്സ, പഠനം, വിവാഹം, ജീവസന്ധാരണം, ഭവനം, സംഭാവന, സഭയിലെ ആതുര സ്ഥാപനങ്ങൾ എന്നിവകൾക്കായി ഈ മരുഭൂമിയിലെ നീരുറവയിൽ നിന്നുള്ള നീർത്തുള്ളികൾ കേരളത്തിലും ഇന്ത്യയുടെ മററു ഭാഗങ്ങളിലും അർഹതയുടെ അടിസ്ഥാനത്തിൽ നൽകിവരുന്നു. ഇതിൻെറ ഭവനദാന പദ്ധതിയനുസരിച്ച് 1987 വരെ ആകെ 16 വീടുകൾ ഭദ്രാസനാടിസ്ഥാനത്തിൽ നൽകുവാൻ കഴിഞ്ഞു. 1988–ലെ ഒരു വീട് കോട്ടയം സെൻട്രൽ ഭദ്രാസനത്തിൽ നൽകിക്കഴിഞ്ഞാൽ കേരളത്തിലുള്ള എല്ലാ ഭദ്രാസനങ്ങളിലും ഓരോ വീട് നമ്മുടെ സഭാമക്കൾക്ക് നല്കുവാൻ ഈ കോൺഗ്രിഗേഷന് സാധിക്കുന്നതിൽ ദൈവത്തെ സ്തുതിക്കുന്നു. വർഷംതോറും രണ്ട് വീടുകളാണ് നല്കിവന്നിരുന്നത്. കോൺഗ്രിഗേഷൻ അംഗങ്ങളുടെ സഹായം മൂലം ഈ വർഷം 3 വീടുകൾ നല്കുന്നതിന് പൊതുയോഗം തീരുമാനിക്കുകയും ആയതിനുവേണ്ടി കോട്ടയം സെൻട്രൽ, കൊല്ലം, കണ്ടനാട് എന്നീ ഭദ്രാസനങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്തു. 1986 മുതൽ കങ്ങഴ എം. ജി. ഡി. എം. ആശുപത്രിയുടെ നേതൃത്വത്തിൽ വിപുലമായ രീതിയിൽ ഓരോ സൗജന്യ മെഡിക്കൽ ക്യാമ്പ് ഈ കോൺഗ്രിഗേഷൻ നടത്തി വരുന്നു. 1987–ലെ മെഡിക്കൽ ക്യാമ്പിൽ 699 രോഗികളെ പരിശോധിക്കുകയും ചികിത്സിക്കുകയും ചെയ്തു. മേൽപ്പറഞ്ഞ എല്ലാ പ്രവർത്തനങ്ങളും ദൈവത്തിൽ ആശ്രയിച്ചുകൊണ്ട് തുടർന്നു വരുന്നു.

മാനേജിംഗ് കമ്മററി

(6–ാം പേജിൽനിന്നും തുടർച്ച)

### മലയാളമനോരമയ്ക്കു ഭാവുകാശംസ

1888–ൽ കണ്ടത്തിൽ വറുഗീസ് മാപ്പിള എം. ഡി. സെമിനാരിയുടെ ഒരു മുറിയിൽ പ്രതിവാരപ്പത്രമായി ആരംഭിച്ച മലയാള മനോരമ അദ്ദേഹത്തിൻെറ കാലശേഷം കെ. സി. മാമ്മൻ മാപ്പിള, കെ. എം. ചെറിയാൻ എന്നിവരുടെയും അവരുടെ പിൻഗാമിയായ കെ. എം. മാത്യുവിൻെറയും പ്രഗത്ഭ നേതൃത്വത്തിൽ വളർന്നു പന്തലിച്ച് ഇൻഡ്യയിലെ ഏററവും പ്രചുരപ്രചാരമുള്ള പത്രമെന്ന നിലയിലേക്കുയർന്നിരിക്കുന്നു.

മലങ്കര സഭയും മനോരമയും തമ്മിലുള്ള ദൃഢബന്ധം പ്രത്യേകം എടുത്തു പറയേണ്ട ആവശ്യമില്ലാത്തവിധം അത്രമാത്രം സുവിദിതമാണ്.

നൂറാം വയസ്സിലേക്ക് പ്രവേശിച്ചിരിക്കുന്ന മലയാള മനോരമയ്ക്ക് ''മലങ്കര സഭ'' മാസിക അതിൻെറ വായനക്കാരോടൊപ്പം ഈ സന്ദർഭത്തിൽ എല്ലാ ഭാവുകങ്ങളും ആശംസിച്ചുകൊള്ളുന്നു.

### ഏകദിനസമ്മേളനം

തിരുവനന്തപുരം ഭദ്രാസന സൺഡേസ്കൂൾ ഹെഡ്മാസ്റ്ററന്മാരുടെ ഏകദിനസമ്മേളനം കുളത്തൂപ്പുഴ സെ ജോർജ് പള്ളിയിൽവച്ച് മാർച്ച് 6–ാം തീയതി നടന്നു.

രാവിലെ വി. കുർബ്ബാനയെ തുടർന്ന് മെ. വി. വർഗീസും ഫാ. തോമസ് ററി. വർഗീസും ക്ലാസുകൾ എടുത്തു. ഉച്ചകഴിഞ്ഞ് ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനത്തിൽ ഫാ. സ്റ്റീഫൻ വൈരമൺ, ഫാ. ജോൺ ഫിലിപ്പ്, പി. ഒ. ജോൺ, കെ. കെ. ഏബ്രഹാം എന്നിവർ പ്രസംഗിച്ചു. ഭദ്രാസന ഡയറക്ടർ വി. വർഗീസ് സ്വാഗതവും ഡി. ഇൻസ്പെക്ടർ സി. തങ്കച്ചൻ കൃതജ്ഞതയും പറഞ്ഞു.



പ. പരുമല തിരുമേനിയെക്കുറിച്ച് ഡീക്കൻ കെ. ജി. അലക്സാണ്ടർ രചിച്ച ഗാനങ്ങളുടെ ''ആശാദീപം'' എന്ന കാസററ് പ. ബാവാതിരുമേനി നിയുക്ത കാതോലിക്കാ അഭിവന്ദ്യ കൂറിലോസ് തിരുമേനിക്ക് ഒരു കോപ്പി നൽകിക്കൊണ്ട് പ്രകാശനം ചെയ്യുന്നു.



ഈ വർഷം സർവീസിൽനിന്ന് വിരമിച്ച റയ്ച്ചൽ സാമുവേൽ (നിരണം) ഹിന്ദിക്ക് ഏററവും കൂടുതൽ വിജയശതമാനം കരസ്ഥമാക്കുന്ന സ്കൂളിന് നൽകുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള എവർ റോളിംഗ് ട്രോഫി കാതോലിക്കേററ് & എം. ഡി. സ്കൂൾസിനുവേണ്ടി റേച്ചലിൽ നിന്ന് നിയുക്ത കാതോലിക്കാ മാത്യൂസ് മാർ കൂറിലോസ് തിരുമേനി ഏററുവാങ്ങുന്നു.




Advt

Licence No. 475
11th APRIL 1946
Registered No. KL—KTM—38

# THE MALANKARA SABHA

Catholicate Office, Kottayam—686 038

FOR FAVOURS RECEIVED



P. K. MATHEW
TRIVANDRUM.

Printed and published by Rev. Fr. T. G. Zacharia
For Orthodox Viswasa Paripalana Samathy, Kottayam
at the Catholicate Press, Kottayam-38
Chief Editor: Very. Rev. Ramban Dr. N. J. Thomas